# പതിനഞ്ചാം കേരള നിയമസഭ

## എസ്റ്റിമേറ്റ്സ് കമ്മിറ്റി
## (2021-2023)

## പതിനൊന്നാമത് റിപ്പോർട്ട്

**[ധനകാര്യവകുപ്പിന് കീഴിലുള്ള ദേശീയ സമ്പാദ്യ പദ്ധതി, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, ട്രഷറി വകുപ്പ് എന്നിവയുടെ ബഡ്ജറ്റ് വിഹിത വിനിയോഗം സംബന്ധിച്ച്]**

(2023 സെപ്റ്റംബർ മാസം 13-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2023

# പതിനഞ്ചാം കേരള നിയമസഭ

## എസ്റ്റിമേറ്റ്സ് കമ്മിറ്റി
## (2021-2023)

## പതിനൊന്നാമത് റിപ്പോർട്ട്

**[ധനകാര്യവകുപ്പിന് കീഴിലുള്ള ദേശീയ സമ്പാദ്യ പദ്ധതി, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, ട്രഷറി വകുപ്പ് എന്നിവയുടെ ബഡ്ജറ്റ് വിഹിത വിനിയോഗം സംബന്ധിച്ച്]**

SL

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | : | v |
| മുഖവുര | : | vi |
| റിപ്പോർട്ട് | : | 1 |


SL

## എസ്റ്റിമേറ്റ്സ് കമ്മിറ്റി (2021-2023)

### ഘടന

**അദ്ധ്യക്ഷ**

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

**അംഗങ്ങൾ**

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

ശ്രീ. പി. പി. ചിത്തരഞ്ജൻ

ശ്രീ. ജി. എസ്. ജയലാൽ

ശ്രീ. കോവൂർ കുഞ്ഞുമോൻ

ശ്രീ. എം. എം. മണി

ശ്രീ. മുരളി പെരുനെല്ലി

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

ശ്രീ. പി. ടി. എ. റഹീം

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

ശ്രീ. എൻ. ഷംസുദ്ദീൻ

**നിയമസഭാ സെക്രട്ടേറിയറ്റ്**

ശ്രീ. എ.എം. ബഷീർ, സെക്രട്ടറി

ശ്രീമതി ഷബാന അഞ്ജും, ജോയിന്റ് സെക്രട്ടറി

ശ്രീ. ഷാജി ആർ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. വിനോദ്കുമാർ എം.കെ., അണ്ടർ സെക്രട്ടറി

## മുഖവുര

എസ്റ്റിമേറ്റ്സ് കമ്മിറ്റി (2021-2023)-യുടെ അദ്ധ്യക്ഷയായ ഞാൻ കമ്മിറ്റിയുടെ നിയോഗാനുസരണം സമിതിയുടെ പതിനൊന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ധനകാര്യവകുപ്പിന് കീഴിലുള്ള ദേശീയ സമ്പാദ്യ പദ്ധതി, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, ട്രഷറി വകുപ്പ് എന്നിവ സംബന്ധിച്ച് പഠനം നടത്തുവാൻ സമിതി തീരുമാനിക്കുകയും വകുപ്പിൽ നിന്ന് വിവരശേഖരണം നടത്തുകയും ആയത് അപഗ്രഥിക്കുകയും അധികവിവരങ്ങൾ ശേഖരിക്കുകയും ചെയ്തു. ധനകാര്യവകുപ്പിന് കീഴിലുള്ള ദേശീയ സമ്പാദ്യ പദ്ധതി, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, ട്രഷറി വകുപ്പ് എന്നിവയുടെ ബഡ്ജറ്റ് വിഹിത വിനിയോഗം സംബന്ധിച്ച് എസ്റ്റിമേറ്റ്സ് കമ്മിറ്റി നടത്തിയ പഠനങ്ങളുടെയും അനുബന്ധ രേഖകളുടെ വിശകലനത്തിന്റെയും അടിസ്ഥാനത്തിൽ വകുപ്പിന്റെ കാര്യക്ഷമമായ പ്രവർത്തനങ്ങൾക്കാവശ്യമായ ശിപാർശകളും നിർദ്ദേശങ്ങളും ഉൾപ്പെടുത്തി തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2023 സെപ്റ്റംബർ മാസം 11-ാം തീയതി ചേർന്ന യോഗത്തിലാണ് ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചത്.

**കെ. കെ. ശൈലജ ടീച്ചർ,**
*അദ്ധ്യക്ഷ,*
*എസ്റ്റിമേറ്റ്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2023 സെപ്റ്റംബർ 13.

## റിപ്പോർട്ട്

ഭരണനവീകരണ വികസന പദ്ധതികളുടെ ഭാഗമായി 1871-ൽ രൂപീകരിച്ച വകുപ്പുകളിൽ പ്രധാനപ്പെട്ട ഒന്നാണ് ധനകാര്യവകുപ്പ്. ധനകാര്യവകുപ്പിന്റെ പ്രധാന ചുമതലകളും ഉത്തരവാദിത്തങ്ങളും സംബന്ധിച്ച് ഭരണഘടനയുടെ 202 മുതൽ 206 വരെയുള്ള അനുച്ഛേദങ്ങളിൽ പ്രതിപാദിച്ചിരിക്കുന്നു. ആയതിനാൽ തന്നെ ഭരണ സംവിധാനത്തിൽ ധനകാര്യ വകുപ്പിന് ഭരണഘടനാപരമായ ഉത്തരവാദിത്തങ്ങൾ നിറവേറ്റേണ്ടതുണ്ട്. സംസ്ഥാനത്തിന്റെ സാമൂഹിക സാമ്പത്തിക വികസന ലക്ഷ്യങ്ങൾ സുസ്ഥിരവും കാര്യക്ഷമവുമായി നിറവേറ്റുന്നതിന് ധനകാര്യവകുപ്പ് സുപ്രധാന പങ്ക് വഹിക്കുന്നുണ്ട്.

2. **വകുപ്പിന്റെ പ്രധാന ദൗത്യങ്ങൾ:-**

- ബഡ്ജറ്റ് രൂപീകരണവും നടപ്പിലാക്കലും
- സർക്കാർ വകുപ്പുകളിലും മുൻഗണനാ മേഖലകളിലും കാര്യക്ഷമമായ വിഭവ വിന്യാസം നടത്തൽ.
- സുതാര്യതയോടെയുള്ള സുസ്ഥിര വായ്പാ മാനേജ്മെന്റ്
- വിശാലമായ അടിസ്ഥാന നികുതിയും നികുതിയേതരഘടനയും വഴി വിഭവ സമാഹരണം.
- സഹായ മൂലധന സമാഹരണം സംസ്ഥാന പദ്ധതി, വിദേശ സഹായ പദ്ധതികൾ, കിഫ്ബി എന്നിവയിൽ നിന്ന് മതിയായ വിഭവങ്ങൾ വിനിയോഗിക്കുന്നതിലൂടെ സംസ്ഥാനത്ത് അടിസ്ഥാന സൗകര്യ വികസനം
- പൊതുസാമ്പത്തിക തത്വങ്ങൾക്കനുസൃതമായി വിവേക പൂർണമായ ചെലവഴിക്കൽ.
- പൊതുമേഖലാ സ്ഥാപനങ്ങളുടെ ക്ഷമത വർദ്ധിപ്പിക്കുകയും അതുവഴി സംസ്ഥാന ബജറ്റിലുള്ള അവരുടെ ആശ്രയം കുറയ്ക്കുകയും ചെയ്യുക.
- ധനകാര്യ വകുപ്പിന്റെ വിവരസാങ്കേതിക ഇൻഫ്രാസ്ട്രക്ചർ വിഭാഗം ശക്തിപ്പെടുത്തി ക്ഷേമ ആനുകൂല്യങ്ങളുടെ ഓട്ടോമേഷൻ ദൃശ്യപരത,

സുതാര്യത ഡ്യൂപ്ലിക്കേഷൻ ഒഴിവാക്കൽ ഉൾപ്പെടെ നടപ്പിലാക്കി മികച്ച സേവനം ഉറപ്പാക്കൽ.

- ധനകാര്യവകുപ്പിന്റെ ഇൻസ്പെക്ഷൻ വിഭാഗവും കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പും മുഖേന ധനകാര്യ അച്ചടക്കവും ഉത്തരവാദിത്തവും ഉറപ്പുവരുത്തുക.

3. ധനസംബന്ധമായ പലവിധ ചുമതലകളും വകുപ്പിന് നിർവ്വഹിക്കേണ്ടി വരുന്നുണ്ട്. ആയതിനായി ദേശീയ സമ്പാദ്യ പദ്ധതി, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, ട്രഷറി വകുപ്പ്, കേരള സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പ് എന്നീ കീഴ്വകുപ്പുകളും കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ എന്ന പൊതുമേഖലാ സ്ഥാപനവും ധനകാര്യ വകുപ്പിന്റെ മേൽ നോട്ടത്തിൽ പ്രവർത്തിച്ചുവരുന്നു. ധനാഭ്യർത്ഥന X, XI എന്നിവയുടെ കീഴിൽ വരുന്ന മേജർ ഹെഡ് 2054, 2047 എന്നിവയിലെ ദേശീയ സമ്പാദ്യ പദ്ധതി, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ്, ട്രഷറി വകുപ്പ് എന്നിവയുടെ ബഡ്ജറ്റ് എസ്റ്റിമേറ്റ്സ് സംബന്ധിച്ച് പഠനം നടത്തുവാൻ എസ്റ്റിമേറ്റ് കമ്മിറ്റി (2011-14) തീരുമാനിച്ചു. സമിതിയുടെ പഠനത്തിനാവശ്യമായ പ്രാഥമിക വിവരങ്ങൾ വകുപ്പിൽ നിന്നു ലഭ്യമാക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ വിശദമായ ചോദ്യാവലി തയ്യാറാക്കി വകുപ്പിൽ നിന്നു മറുപടി ലഭ്യമാക്കുകയും വിവിധ യോഗങ്ങളിൽ ആയവ പരിഗണിക്കുകയും 27.07.2023-ൽ വകുപ്പുദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും ചെയ്തു. വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടുകൾ, സമിതി നടത്തിയ തെളിവെടുപ്പ് എന്നിവയുടെ അടിസ്ഥാനത്തിൽ സമിതിയുടെ കണ്ടെത്തലുകൾ, നിർദ്ദേശങ്ങൾ, ശിപാർശകൾ എന്നിവ അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

## I) ദേശീയ സമ്പാദ്യ പദ്ധതി

4. ജനങ്ങളിൽ മിതവ്യയശീലവും സമ്പാദ്യ മനോഭാവവും വളർത്തി അവർ മിച്ചം വയ്ക്കുന്ന തുക 'രാജ്യത്തിന്റെ ബഹുമുഖ വികസനം' എന്ന ലക്ഷ്യത്തിന്റെ സാഫല്യത്തിനായി സമാഹരിക്കുകയെന്നുള്ളതാണ് ദേശീയ സമ്പാദ്യ പദ്ധതിയുടെ പ്രധാന ലക്ഷ്യം. കാർഷിക വ്യാവസായിക മണ്ഡലങ്ങളിലെ ഉത്പാദനം വർദ്ധിപ്പിച്ച് വിലക്കയറ്റവും പണപ്പെരുപ്പവും തടഞ്ഞ് പണത്തിന്റെ ക്രയശേഷി ഉയർത്തി രാജ്യത്തിന്റെ സമ്പദ്വ്യവസ്ഥ ആരോഗ്യകരമായ രീതിയിൽ മുമ്പോട്ടു

കൊണ്ടുപോവുകയെന്ന ഉദ്ദേശ്യവും ഇതിനുണ്ട്. അതോടൊപ്പം ജനങ്ങളെ രാഷ്ട്രനിർമ്മാണത്തിൽ പങ്കാളികളാക്കുന്നതിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾക്കും ദേശീയ സമ്പാദ്യ പദ്ധതി ഊന്നൽ നൽകുന്നുണ്ട്. കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള നാഷണൽ സേവിംഗ്സ് ഇൻസ്റ്റിറ്റ്യൂട്ട്, തപാൽ വകുപ്പ്, കേരള സർക്കാർ എന്നിവ സംയുക്തമായിട്ടാണ് ഈ പദ്ധതിയുടെ പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകുന്നത്.

5. ദേശീയ സമ്പാദ്യപദ്ധതി വഴിയുള്ള വിവിധ പദ്ധതികൾക്ക് രൂപം നൽകുന്നതും ഇവയുടെ പലിശ നിശ്ചയിക്കുന്നതും കേന്ദ്രസർക്കാർ ആണ്. ഈ പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ നിയമനിർമ്മാണവും ഏജന്റുമാരുടെ നിയമനങ്ങളും കേന്ദ്ര സർക്കാരിന്റെ മാർഗ്ഗനിർദ്ദേശം അനുസരിച്ചാണ് നടക്കുന്നത്. ഏജന്റുമാർക്കാവശ്യമായ ഇൻവെസ്റ്റേഴ്സ് കാർഡ്, മറ്റ് ഫാറങ്ങൾ തുടങ്ങിയവ അച്ചടിച്ച് നൽകുന്നതും ഏജന്റുമാരുടെ പ്രവർത്തനത്തിന് ആനുപാതികമായ കമ്മീഷൻ നൽകുന്നതും കേന്ദ്ര സർക്കാരാണെന്ന് സമിതി മനസ്സിലാക്കുന്നു.

6. കേന്ദ്ര സർക്കാർ രൂപം നല്കിയിട്ടുള്ള വിവിധ സമ്പാദ്യപദ്ധതികളിൽ നിക്ഷേപിക്കുന്ന തുക മുഖ്യമായും പോസ്റ്റോഫീസുകളിലാണ് സ്വീകരിക്കുന്നത്. നിക്ഷേപം സ്വീകരിക്കുക, നിക്ഷേപത്തിന്മേൽ വായ്പ നൽകുക, കാലാവധിയായ തുക തിരിച്ചു നൽകുക തുടങ്ങിയ നിരവധി പ്രവർത്തനങ്ങൾ നടത്തുന്നതും ആയതിന്റെ രേഖകൾ സൂക്ഷിക്കുന്നതും തപാൽ വകുപ്പാണ്. ഏജന്റുമാർക്ക് കേന്ദ്ര സർക്കാർ നിശ്ചയിച്ച കമ്മീഷൻ നൽകുന്നതും തപാൽ വകുപ്പിലൂടെയാണെന്നും സമിതി മനസ്സിലാക്കുന്നു.

7. ദേശീയ സമ്പാദ്യ പദ്ധതിയുടെ കീഴിൽ വിവിധ ജനവിഭാഗങ്ങൾക്ക് അനുയോജ്യമായ രീതിയിൽ ആകർഷകങ്ങളായ സമ്പാദ്യപദ്ധതികൾ ഉണ്ട്. പോസ്റ്റ് ഓഫീസ് സേവിംഗ്സ് ബാങ്ക് അക്കൗണ്ട്, നാഷണൽ സേവിംഗ്സ് റെക്കറിംഗ് ഡെപ്പോസിറ്റ്, നാഷണൽ സേവിംഗ്സ് ടൈം ഡെപ്പോസിറ്റ്, നാഷണൽ സേവിംഗ്സ് സ്കീം, മന്ത്‌ലി ഇൻകം അക്കൗണ്ട്, നാഷണൽ സേവിംഗ്സ് സർട്ടിഫിക്കറ്റ്, കിസാൻ വികാസ് പത്ര, പബ്ലിക് പ്രോവിഡന്റ് ഫണ്ട്, മുതിർന്ന പൗരൻമാർക്ക് സീനിയർ സിറ്റിസൺ സേവിംഗ്സ് സ്കീം, പെൺകുട്ടികൾക്ക് സുകന്യ സമൃദ്ധി അക്കൗണ്ട്,

സ്റ്റുഡൻസ് സേവിംഗ് സ്കീം എന്നിവയാണ് പ്രസ്തുത പദ്ധതികൾ.

8. നിലവിൽ ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാരെ നിയമിക്കുന്നത് കേരള സർക്കാരാണ്. ദേശീയ സമ്പാദ്യ പദ്ധതിയിലൂടെ സമാഹരിക്കപ്പെടുന്ന മുഴുവൻ മിച്ച നിക്ഷേപതുകയും ദീർഘകാല വായ്പയായി അതത് സംസ്ഥാനങ്ങൾക്ക് തന്നെ ലഭിക്കുന്നു. ഇങ്ങനെ ലഭിക്കുന്ന തുക സംസ്ഥാനങ്ങൾക്ക് ലക്ഷ്യമിട്ടിട്ടുള്ള വിവിധ വികസന പ്രവർത്തനങ്ങൾക്കായി ചെലവഴിക്കാവുന്നതാണ്. ആയതിനാൽ തന്നെ ദേശീയ സമ്പാദ്യ പദ്ധതി വഴി കൂടുതൽ തുക സമാഹരിക്കുന്നതിന് സംസ്ഥാനങ്ങൾക്ക് താല്പര്യമുണ്ടെന്ന് സമിതി നിരീക്ഷിക്കുന്നു. ദേശീയ സമ്പാദ്യ പദ്ധതി പ്രകാരം കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിൽ സമാഹരിച്ച തുക ചുവടെ ചേർക്കുന്നു.

(തുക : കോടിയിൽ)

| **സാമ്പത്തിക വർഷം** | **നെറ്റ് ടാർജറ്റ്** | **ഗ്രോസ് കളക്ഷൻ** | **നെറ്റ് കളക്ഷൻ** |
|---|---|---|---|
| 2020-21 | 3200 | 19021.85 | 3985.86 |
| 2021-22 | 3500 | 22762.52 | 5501.36 |
| 2022-23 | 6000 | 24788.44 | 4721.29 |

9. ധനകാര്യ വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ഈ വകുപ്പിൽ കേന്ദ്രസർക്കാരിന്റെ പൂർണ്ണനിയന്ത്രണത്തിനു കീഴിലാണ് നിക്ഷേപങ്ങൾ കൈകാര്യം ചെയ്യപ്പെടുന്നത്. ഓരോ സംസ്ഥാനത്തുനിന്നും സമാഹരിക്കുന്ന മിച്ചനിക്ഷേപം സംസ്ഥാനങ്ങൾക്ക് തന്നെ നൽകുന്നതിനാൽ ഒരു വർഷം ഏകദേശം 6000 കോടിയോളം രൂപ കേരളത്തിന്റെ വിവിധ മേഖലകളിൽ നിന്ന് ഇതുവഴി സമാഹരിക്കുവാൻ കഴിയുന്നുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു.

10. സംസ്ഥാനത്ത് നിക്ഷേപസമാഹരണത്തിൽ സുപ്രധാന പങ്ക് വഹിക്കുന്നത് ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാരാണ്. പ്രധാനമായും രണ്ട് തരത്തിലുള്ള ഏജന്റുമാരാണ് ദേശീയ സമ്പാദ്യ പദ്ധതിയിൽ പ്രവർത്തിക്കുന്നത് എന്ന് സമിതി മനസ്സിലാക്കുന്നു.

- <u>എം.പി.കെ.ബി.വൈ.:-</u> സ്ത്രീകൾക്ക് മാത്രമാണ് ഇത്തരത്തിലുള്ള ഏജൻസി നൽകുന്നത്. ഇവർ ആർ.ഡി. ഏജന്റുമാർ എന്നും അറിയപ്പെടുന്നു.

കേരളത്തിലെ ദേശീയസമ്പാദ്യപദ്ധതി കളക്ഷന്റെ നല്ലൊരുഭാഗം ആർ.ഡി. അക്കൗണ്ടുകളിൽ കൂടി സമാഹരിക്കപ്പെടുന്നവയാണ്. ജില്ലാ കളക്ടറും ബി.ഡി.ഒ-യും മാത്രമാണ് ഏജന്റുമാരെ നിയമിക്കുന്നത്. സ്വയം തൊഴിൽ പദ്ധതിയായി ആരംഭിച്ച ഈ ഏജൻസിയുടെ പ്രധാന കർത്തവ്യം ഭവന സന്ദർശനം നടത്തി അസംഘടിത മേഖലയിൽ നിന്നുള്ള നിക്ഷേപം സ്വരൂപിക്കൽ, സമ്പാദ്യശീലവും മിതവ്യയശീലവും പ്രോത്സാഹിപ്പിച്ച് ഗ്രാമീണരിൽ സേവന മനോഭാവം വളർത്തിയെടുക്കുക തുടങ്ങിയവയാണ്. സ്വരൂപിക്കുന്ന ആർ.ഡി.-നിക്ഷേപതുകയ്ക്ക് അനുപാതികമായി ഇവർക്ക് 4% പോസ്റ്റൽ കമ്മീഷനുംഅധിക ജോലി നിർവ്വഹണത്തിനായി സംസ്ഥാന സർക്കാർ 5.25% പ്രതിഫലവും നൽകിവരുന്നു

- <u>എസ്.എ.എസ് ഏജന്റുമാർ:-</u> സ്ഥിര നിക്ഷേപങ്ങൾ സ്വീകരിക്കുന്നതിനായി നിയമിക്കപ്പെടുന്ന ഏജന്റുമാരാണിവർ. ജില്ലാ കളക്ടറും ബി.ഡി.ഒ.മാരും ഈ ഏജന്റുമാരെ നിയമിക്കുന്നു. പുരുഷൻമാർക്കും സ്ത്രീകൾക്കും നൽകാവുന്ന ഏജൻസിയാണിത്. ഇത്തരം ഏജന്റുമാർക്ക് നാഷണൽ സേവിംഗ്സ് സർട്ടിഫിക്കറ്റ്, 5 വർഷ സ്ഥിര നിക്ഷേപം, 3 വർഷ സ്ഥിരനിക്ഷേപം, 2 രണ്ട് വർഷ സ്ഥിര നിക്ഷേപം, കിസാൻ വികാസ് പത്ര എന്നീ നിക്ഷേപങ്ങൾ സ്വരൂപിക്കാവുന്നതാണ്. ഇപ്രകാരം സ്വരൂപിക്കുന്ന നിക്ഷേപങ്ങൾക്ക് പോസ്റ്റോഫീസിൽ നിന്ന് നേരിട്ട് 0.5 ശതമാനം കമ്മീഷനും അധികജോലിയ്ക്കായി നിക്ഷേപത്തിന്റെ 1.1 ശതമാനം പ്രതിഫലവും സംസ്ഥാന സർക്കാർ നൽകിവരുന്നു.

11. കേന്ദ്രസർക്കാറിന്റെ 25.11.2011-ലെ F1/12/2011-NS-11 ഉത്തരവുപ്രകാരം സംസ്ഥാന സർക്കാർ നൽകുന്ന പ്രോത്സാഹന അലവൻസുകൾ കേന്ദ്ര കമ്മീഷനിൽ നിന്നും കുറവ് ചെയ്യണമെന്ന് ഉത്തരവായിരുന്നതിനാൽ 2011 ഡിസംബർ മുതൽ സംസ്ഥാന സർക്കാർ അലവൻസും ബോണസും നൽകുന്നില്ലായെന്നും ഇതിനുപകരം ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാരുടെ സേവനം സംസ്ഥാന സർക്കാരിന്റെ വികസനസാമൂഹ്യക്ഷേമ മേഖലകളിൽ കൂടി പ്രയോജനപ്പെടുത്തി ഈ അധിക സേവനം അവരുടെ നിക്ഷേപ സമാഹരണത്തിന് ആനുപാതികമായി നിശ്ചയിച്ച് മഹിളാ

പ്രധാൻ ഏജന്റുമാർക്ക് 5.25% വരെയും എസ്.എ.എസ്. ഏജന്റുമാർക്ക് 1.1% വരെയും പ്രതിഫലം 2012 ജൂൺ മുതൽ നൽകിവരുന്നതായും സമിതി മനസ്സിലാക്കുന്നു. ഇതിലൂടെ ദേശീയ സമ്പാദ്യപദ്ധതി ഏജന്റുമാരുടെ സാമ്പത്തിക സ്ഥിതി ഉയർത്തുവാനും ആയതിനൊപ്പം തന്നെ പൊതുസേവനങ്ങൾ കൂടുതൽ പേർക്ക് വേഗത്തിൽ ലഭിക്കുവാനുമാണ് സംസ്ഥാന സർക്കാർ ലക്ഷ്യമിടുന്നതെന്ന് സമിതി കരുതുന്നു.

12. ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാർ സമാഹരിക്കുന്ന നിക്ഷേപത്തിന് ആനുപാതികമായി കേന്ദ്രസർക്കാർ പോസ്റ്റ് ഓഫീസ് വഴി കമ്മീഷൻ നൽകുന്നുണ്ടെന്നും ഇവരുടെ ക്ഷേമത്തിനായി ഏജന്റ്സ് വെൽഫയർ ഫണ്ട് രൂപീകരിച്ചിട്ടുണ്ട് എന്നും സമിതി മനസ്സിലാക്കുന്നു. ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാർക്ക് പെൻഷൻ, ക്ഷേമനിധി ആനുകൂല്യങ്ങൾ, മെഡിക്കൽ റീഇംപേഴ്സ്മെന്റ്, വിവാഹവായ്പ, ഇൻഷ്വറൻസ്, കുട്ടികൾക്കുള്ള സ്കോളർഷിപ്പ് എന്നീ ആനുകൂല്യങ്ങളും നൽകി വരുന്നുണ്ട്. എന്നാൽ ആനുകൂല്യങ്ങൾ നൽകുന്നതിൽ വിവിധ കാരണങ്ങളാൽ പലപ്പോഴും കാലതാമസം ഉണ്ടാകുന്നതായി സമിതി മനസ്സിലാക്കുന്നു. **ആയതിനാൽ, ഏജന്റുമാർക്ക് ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കി സമയബന്ധിതമായി അവ വിതരണം ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

13. മഹിളാ പ്രധാൻ നിയമനം 2011-ലെ ഉത്തരവ് പ്രകാരവും എസ്.എ.എസ്. നിയമനം 2017-ലെ ഉത്തരവ് പ്രകാരവും നിർത്തലാക്കിയിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. 2017-നു ശേഷം നിയമനം നടന്നിട്ടില്ല എന്നതിനാൽ തന്നെ ഏജന്റുമാരുടെ എണ്ണം ലോപിച്ചുവരുന്നതായും ആയതുമൂലം പൊതുസേവനങ്ങൾക്കായി ഏജന്റുമാരെ ഉപയോഗപ്പെടുത്തുന്നതിന് പരിമിതി ഉണ്ടാകുന്ന സാഹചര്യം നിലവിലുള്ളതായും സമിതി വിലയിരുത്തുന്നു. നിലവിലുള്ള ഏജന്റുമാരിൽ ഏകദേശം എഴുപത്തിയഞ്ച് ശതമാനത്തോളം പേർ 50 വയസ്സിനുമുകളിലുള്ളവരാണെന്നതും അവരെ ഇത്തരം പ്രവർത്തനങ്ങളുടെ ഭാഗമാക്കുന്നത് പ്രായോഗിക ബുദ്ധിമുട്ടുണ്ടാക്കുന്നുവെന്നും 70 വയസ്സിന് മുകളിലുള്ളവരെ വികസനപദ്ധതികളിൽ ഏർപ്പെടുത്താറില്ല എന്നും സമിതി നിരീക്ഷിക്കുന്നു. കോവിഡ് പ്രതിസന്ധിമൂലം

സ്വദേശത്തും വിദേശത്തും ജോലിനഷ്ടപ്പെട്ട നിരവധി യുവാക്കൾ ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാരായി പ്രവർത്തിക്കുവാൻ സന്നദ്ധരായി മുന്നോട്ട് വരുന്നതായും സമിതി മനസ്സിലാക്കുന്നു. **ഈ സാഹചര്യത്തിൽ സംസ്ഥാനത്ത് ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാരുടെ നിലവിലുള്ള ദൗർലഭ്യം പരിഹരിക്കുന്നതിനായി പുതിയ നിയമനങ്ങൾ നടത്തുന്നത് ഉചിതമാണെന്നതിനാൽ ആയതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

14. ദേശീയ സമ്പാദ്യ പദ്ധതി പൊതുജനങ്ങളിലേക്ക് കൂടുതൽ ആഴത്തിൽ എത്തിപ്പെടേണ്ടത് പദ്ധതിയുടെ വിജയത്തിന് മാറ്റുകൂട്ടുമെന്നും പത്രങ്ങളും മറ്റ് പ്രസിദ്ധീകരണങ്ങളും മാത്രമല്ല ഏജന്റുമാരും പദ്ധതിയുടെ സന്ദേശം ജനങ്ങളിൽ എത്തിക്കുവാൻ ശ്രമിക്കുന്നുണ്ടെങ്കിലും എല്ലാവരിലും അത് എത്തുന്നില്ല എന്ന വസ്തുത സമിതി മനസ്സിലാക്കുന്നു. **ആയതിനാൽ, കൂടുതൽ ജനങ്ങൾക്ക് നിക്ഷേപ പദ്ധതിയുടെ ഗുണങ്ങളെക്കുറിച്ച് അറിയുവാൻ അവസരം നൽകുന്നതിനായി വിവരസാങ്കേതികവിദ്യാ വകുപ്പുമായി സഹകരിച്ച് പരസ്യങ്ങളും ദൃശ്യശ്രവ്യമാധ്യമങ്ങളിലൂടെ അറിയിപ്പുകളും നൽകുവാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

15. മിതവ്യയ ശീലവും സമ്പാദ്യ മനോഭാവവും വിദ്യാർത്ഥികളിൽ വളർത്തിയെടുക്കുന്നതിനായി വകുപ്പിൽ മുമ്പ് സഞ്ചയിക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടായിരുന്നു. 1970 കളുടെ തുടക്കത്തിൽ സ്കൂൾ വിദ്യാർത്ഥികൾക്ക് വേണ്ടി കേന്ദ്രസർക്കാർ ഏർപ്പെടുത്തിയ പദ്ധതിയാണിത്. ചെറുപ്രായത്തിൽ തന്നെ വിദ്യാർത്ഥികളുടെ സമ്പാദ്യ ശീലം മെച്ചപ്പെടുത്തുന്നതിനും കൂടുതൽ യാഥാർത്ഥ്യബോധത്തോടെ പഠിക്കുന്നതിനും ഈ പദ്ധതി അവരെ സഹായിച്ചിരുന്നു. വിദ്യാർത്ഥികൾ അവർക്ക് വേണ്ടി തന്നെ നടത്തുന്ന ബാങ്കിംഗാണ് സഞ്ചയിക. പ്രസ്തുത പദ്ധതി 2016 ഒക്ടോബർ മാസം പ്രവർത്തനം അവസാനിപ്പിച്ച സാഹചര്യത്തിലാണ് കുട്ടികളിൽ സമ്പാദ്യ ശീലം വളർത്തുന്നതിനായി സംസ്ഥാന സർക്കാർ വിദ്യാർത്ഥികൾക്കായി സ്കൂളുകളിലൂടെയും അവർ പഠിക്കുന്ന സ്ഥാപനങ്ങളിലൂടെയും സംസ്ഥാന ട്രഷറിയുമായി സഹകരിച്ച് സേവിംഗ്സ് ബാങ്ക് പദ്ധതിയായ സ്റ്റുഡന്റ്സ് സേവിംഗ്സ് സ്കീം പദ്ധതി രൂപകല്പന ചെയ്തിട്ടുള്ളതെന്ന് സമിതി മനസ്സിലാക്കുന്നു. ഈ

പദ്ധതിയുടെ ചുമതലയിലുള്ള അധ്യാപകന് ഇൻസെന്റീവ് അനുവദിച്ചും വിദ്യാർത്ഥികളിൽ നിന്നും സ്വരൂപിക്കുന്ന തുകയുടെ 80% വരെ സ്ഥിരനിക്ഷേപമായി മാറ്റുന്നതിലൂടെ ലഭിക്കുന്ന വരുമാനത്തിന്റെ ഒരു ഭാഗം സ്കൂളിന്റെ വികസനക്ഷേമ പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുവാൻ കഴിയുന്ന വിധത്തിലുമാണ് സ്റ്റുഡൻസ് സേവിംഗ്സ് സ്കീം രൂപകൽപന ചെയ്തിട്ടുള്ളത്. 2016-ൽ ഈ പദ്ധതി ആരംഭിച്ചുവെങ്കിലും കോവിഡിന്റെ പശ്ചാത്തലത്തിൽ ആയത് സ്കൂളുകളിൽ വ്യാപകമാക്കാൻ കഴിഞ്ഞിരുന്നില്ല. നിലവിൽ സംസ്ഥാനത്തെ മുന്നൂറോളം സ്കൂളുകളിലാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. എന്നാൽ പല കുട്ടികൾക്കും അവരുടെ മാതാപിതാക്കൾക്കും ഈ പദ്ധതിയെപ്പറ്റി ആവശ്യത്തിന് അറിവ് ലഭിക്കുന്നില്ല എന്ന് സമിതി വിലയിരുത്തുന്നു. **ആയതിനാൽ, സ്റ്റുഡൻസ് സേവിംഗ്സ് സ്കീം പദ്ധതിയെക്കുറിച്ച് വിദ്യർത്ഥികൾക്കും രക്ഷിതാക്കൾക്കും അവബോധന ക്ലാസുകൾ സ്കൂൾ തലത്തിൽ തന്നെ സംഘടിപ്പിക്കണമെന്നും സേവിംഗ്സ് സ്കീം പ്രോത്സാഹിപ്പിക്കുന്നതിന് പ്രിൻസിപ്പാൾ/ഹെഡ്‌മാസ്റ്റർമാർക്ക് പ്രോത്സാഹന അലവൻസ്, കൂടുതൽ തുക സമാഹരിക്കുന്ന സ്കൂളുകൾക്ക് ജില്ലാതലത്തിലും സംസ്ഥാനതലത്തിലും ട്രോഫി, മെരിറ്റ് സർട്ടിഫിക്കറ്റ് എന്നിവ ഏർപ്പെടുത്തുകയും ചെയ്യണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

16. സ്റ്റുഡൻസ് സേവിംഗ്സ് സ്കീം നിലവിൽ പ്ലസ് ടു വരെയുള്ള കുട്ടികൾക്കാണ് കൊണ്ടുവന്നിട്ടുള്ളത്. സ്കൂൾ തലത്തിൽ രണ്ട് കുട്ടികൾ, രണ്ട് അധ്യാപകർ, രണ്ട് രക്ഷാകർത്താക്കൾ, ഹെഡ്മിസ്ട്രസ് എന്നിവർ ഉൾപ്പെടുന്ന ഒരു ട്രസ്റ്റ് രൂപീകരിച്ച് ആയതുവഴിയാണ് ഈ പദ്ധതിയുടെ സേവനം നടത്തുന്നത്. കുട്ടികൾ ആവശ്യപ്പെടുമ്പോൾ ഇത് പിൻവലിക്കുവാൻ സാധിക്കും. ട്രഷറി സേവിംഗ്സ് ബാങ്കിലെ പലിശയായ 4% പലിശനിരക്ക് കുട്ടികൾക്ക് ഇതിലൂടെ നൽകുന്നുമുണ്ട്. ആയതിനാൽ, **കുട്ടികളിൽ സമ്പാദ്യശീലം വളർത്തിയെടുക്കുക എന്ന ഉദ്ദേശ്യലക്ഷ്യത്തോടുകൂടി ആരംഭിച്ച സ്റ്റുഡൻസ് സേവിംഗ്സ് സ്കീം പദ്ധതി വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് എല്ലാ സ്കൂളുകളിലും ആരംഭിക്കണമെന്നും പദ്ധതിയുടെ മേൽനോട്ടം വഹിക്കുന്ന സ്കൂളിലെ അധ്യാപകർ കൂടുതൽ കുട്ടികളെ പ്രസ്തുത സ്കീമിലേക്ക് ചേർക്കുവാൻ ആവശ്യമായ നടപടികൾ**

**സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

17. ഹയർ സെക്കണ്ടറി സ്കൂൾ തലത്തിൽ നാഷണൽ സോഷ്യൽ സർവ്വീസ് സ്കീം നിലവിലുണ്ട്. ഈ പദ്ധതിയുമായി ചേർന്ന് കൊണ്ട് സ്റ്റുഡന്റ്സ് സേവിംഗ്സ് സ്കീം വഴി ലഭിക്കുന്ന തുക സ്കൂളുകൾക്ക് അവരുടെ വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുകയോ ദാനധർമ്മങ്ങൾക്കായി വിനിയോഗിക്കുകയോ ചെയ്യാൻ സാധിക്കുകയാണെങ്കിൽ ടി പദ്ധതി കൂടുതൽ ജനകീയമാക്കാൻ കഴിയുമെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, **സ്റ്റുഡന്റ്സ് സേവിംഗ്സ് സ്കീം പദ്ധതി നാഷണൽ സോഷ്യൽ സർവ്വീസ് പദ്ധതിയുമായി ചേർന്നുള്ള പദ്ധതികൾക്ക് രൂപം നൽകുവാൻ കഴിയുമോ എന്നത് പരിശോധിച്ച് ആയതിനുള്ള നിർദ്ദേശങ്ങൾ നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

18. ദേശീയ സമ്പാദ്യ പദ്ധതിയുടെ നടപ്പുസാമ്പത്തിക വർഷത്തെ പലിശ നിരക്ക് അനുബന്ധം (1)-ആയി ചേർത്തിരിക്കുന്നു. പലിശയിലുണ്ടാകുന്ന മാറ്റങ്ങളെ സംബന്ധിച്ച വിവരങ്ങൾ പൊതുജനങ്ങൾക്ക്/നിക്ഷേപകർക്ക് യഥാസമയം അറിയുവാൻ കഴിയുന്നില്ല എന്നത് സമിതിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. **ആയതിനാൽ പലിശയിലുണ്ടാകുന്ന മാറ്റങ്ങളെ സംബന്ധിച്ച് വിവിധ മാധ്യമങ്ങളിലൂടെയും പരസ്യങ്ങൾ മുഖേനയും പൊതുജനങ്ങളെയും എസ്.എം.എസ്. മുഖേന നിക്ഷേപകരെയും അറിയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

19. ദേശീയ സമ്പാദ്യപദ്ധതിയുടെ പ്രചാരകരിൽ പ്രധാനപ്പെട്ട ഒരു വിഭാഗമാണ് ഏജന്റുമാരെന്നും ഏജന്റുമാരുടെ സത്യസന്ധവും സൗജന്യവുമായ സേവനം നിക്ഷേപകർ പ്രതീക്ഷിക്കുമെന്നും ഏജന്റുമാരുടെ സേവനം മറ്റ് മേഖലകളിൽ കൂടി വിനിയോഗിച്ച് പ്രതിഫലം നൽകുന്നതിന് 2012-ൽ സർക്കാർ ഉത്തരവിലൂടെ അനുമതി നൽകിയിരുന്നുവെന്നും സമിതി നിരീക്ഷിക്കുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഏജന്റുമാർ ഏതു വകുപ്പിന്റെ പ്രവൃത്തിയാണോ ഏറ്റെടുക്കുന്നത് ആ വിഷയത്തിൽ ജില്ലാ തലത്തിലും ബ്ലോക്ക് തലത്തിലും പരിശീലനം നൽകി വരുന്നതായും സമിതി വിലയിരുത്തുന്നു. കൂടാതെ, ദേശീയ സമ്പാദ്യ പദ്ധതി നിക്ഷേപങ്ങളെ കുറിച്ച്

ഏജന്റുമാരിൽ കൂടുതൽ അവബോധം വളർത്തുന്നതിനായി എല്ലാ മാസവും ജില്ലാ ഓഫീസുകളിലും ബ്ലോക്ക് ഓഫീസുകളിലും അതത് സ്ഥലത്ത് നിയമനം ലഭിച്ചിട്ടുള്ള ഏജന്റുമാരുടെ യോഗം ജില്ലാ ഓഫീസർമാരും ബി.ഡി.ഒ.മാരും വിളിച്ചുചേർക്കുകയും ദേശീയ സമ്പാദ്യ പദ്ധതി സ്കീമുകളെ സംബന്ധിച്ച് വിശദീകരിക്കുകയും ചെയ്യുന്നുണ്ടെന്നത് അഭിനന്ദനാർഹമാണ്.

20. സംസ്ഥാനത്തെ ഏജന്റുമാരുടെ വിദ്യാഭ്യാസയോഗ്യതയും സാമൂഹിക പശ്ചാത്തലവും കണക്കിലെടുത്ത് സംസ്ഥാനസർക്കാർ 16.06.2012 തീയതിയിലെ സ.ഉ.(സാധാ)നം.5933/2012/ധന ഉത്തരവ് പ്രകാരം ഏജന്റുമാരുടെ സേവനം സമ്പാദ്യസമാഹരണത്തോടൊപ്പം സർക്കാർ നൽകിവരുന്ന വിവിധ സേവനങ്ങൾ വേഗത്തിലും കൃത്യതയോടും കൂടി ജനങ്ങളിലേക്ക് എത്തിക്കുന്നതിന് പ്രയോജനപ്പെടുത്തുവാനും കളക്ഷന് അനുപാതികമായി പ്രതിഫലം നൽകുവാനും തീരുമാനിച്ചിരുന്നു. സാമൂഹിക സാമ്പത്തിക സെൻസസുകൾ, അടിസ്ഥാന വിവര ശേഖരണം, കാർഷിക വികസന പദ്ധതികൾ, പൊതുജനാരോഗ്യ സുരക്ഷ, വൈദ്യുതി, വെള്ളം മുതലായവയുടെ സംരക്ഷണം, ശുചിത്വം എന്നിവയ്ക്കായി ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാരുടെ സേവനം പ്രയോജനപ്പെടുത്താറുണ്ടെന്നത് ശ്രദ്ധേയമാണ്. സംസ്ഥാന ശുചിത്വമിഷനുമായി ചേർന്ന് ഭവനങ്ങളിൽ മാലിന്യനിർമ്മാർജനത്തിന്റെ ആവശ്യകത സംബന്ധിച്ച ബോധവൽക്കരണം നടത്തിയിരുന്നതായും തിരുവനന്തപുരം ജില്ലയിലെ മഹിളാപ്രധാൻ ഏജന്റുമാരുടെ സേവനം വിനിയോഗിച്ച് സാമൂഹിക സുരക്ഷാ പെൻഷൻ സംബന്ധിക്കുന്ന സർവ്വേ വിജയകരമായി പൂർത്തിയാക്കിയിരുന്നതായും ഹരിത കേരളം മിഷനുമായി ചേർന്ന് ഹരിതഭവനം - സാമ്പാദ്യഭവനം എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നതായും സമിതി മനസ്സിലാക്കുന്നു. **ആയതിനാൽ, സാമൂഹിക-സാമ്പത്തിക സെൻസസുകൾ, അടിസ്ഥാന വിവര ശേഖരണം, കാർഷിക വികസന പദ്ധതികൾ, പൊതുജനാരോഗ്യ സുരക്ഷ, വൈദ്യുതി, വെള്ളം മുതലായവയുടെ സംരക്ഷണം, ശുചിത്വം, സാമൂഹ്യവനവൽക്കരണം എന്നീ മേഖലകളിലെ ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാരുടെ സേവനം കുറെ കൂടി കാര്യക്ഷമമായി പ്രയോജനപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

21. **ജില്ലാ തലത്തിൽ പോസ്റ്റൽ കോ-ഓർഡിനേഷൻ കമ്മിറ്റി മുഖേനയും പോസ്റ്റ്മാസ്റ്റർ ജനറൽ മുഖാന്തിരവും നിക്ഷേപകർക്കും ഏജന്റുമാർക്കും പോസ്റ്റോഫീസുകളിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

22. ദേശീയ സമ്പാദ്യപദ്ധതിയുടെ ശക്തിസ്രോതസ്സ് നിക്ഷേപകരാണെന്നും കേന്ദ്ര സർക്കാർ പദ്ധതിയായ ദേശീയ സമ്പാദ്യ പദ്ധതി നിക്ഷേപങ്ങൾക്കുള്ള ഉറപ്പും വിശ്വാസ്യതയും കാരണം ലക്ഷക്കണക്കിന് നിക്ഷേപകരാണ് ഇതിൽ വിശ്വാസം അർപ്പിച്ചിരിക്കുന്നതെന്നും പോസ്റ്റോഫീസുകളിലാണ് കൂടുതൽ നിക്ഷേപം നടത്തുന്നത് എന്നതിനാലും പോസ്റ്റ് ഓഫീസ് കേന്ദ്രസർക്കാർ സ്ഥാപനമാണ് എന്നതിനാലും സംസ്ഥാന സർക്കാരിനും ദേശീയ സമ്പാദ്യ വകുപ്പിനും ഇക്കാര്യത്തിൽ ചില പരിമിതികളുണ്ടെന്ന് സമിതി വിലയിരുത്തുന്നു.

## II) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

23. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് രൂപീകൃതമായത് 1942 മെയ് മാസം എട്ടാം തീയതിയിലെ എഫ്-1/3721/ധന നമ്പർ സർക്കാർ ഉത്തരവിലൂടെയാണ്. 1994-ൽ കേരള നിയമസഭ പാസ്സാക്കിയ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമമാണ് ഇപ്പോൾ വകുപ്പിന്റെ പ്രവർത്തനത്തിന് അടിസ്ഥാനമാക്കിയിരിക്കുന്നത്. 14.01.2015-ലെ സ.ഉ(കൈ) നമ്പർ 24/2015/ധന നമ്പർ ഉത്തരവിലൂടെ വകുപ്പിനെ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് എന്ന് പുനർനാമകരണം ചെയ്തു. വകുപ്പിന്റെ ഘടന അനുബന്ധം (II)-ൽ ചേർത്തിട്ടുണ്ട്.

24. 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ പട്ടികയിലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെ മുഴുവൻ സ്ഥാപനങ്ങളുടെയും സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെയും കാലാകാലങ്ങളിൽ സർക്കാർ ഉത്തരവിലൂടെ ചുമതലപ്പെടുത്തിയിട്ടുള്ള സ്ഥാപനങ്ങളുടെയും കോടതി ഉത്തരവിലൂടെ ചുമതലപ്പെടുത്തിയിട്ടുള്ള സ്ഥാപനങ്ങളുടെയും ഓഡിറ്റ് നിർവ്വഹിക്കുക എന്നതാണ് സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ചുമതല. ലോക്കൽ ഫണ്ട് ഓഡിറ്റ് ചെയ്യുന്ന സ്ഥാപനങ്ങളുടെ വിവരം അനുബന്ധം (III)-ൽ ചേർത്തിട്ടുണ്ട്.

25. ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമ പ്രകാരം ഓഡിറ്റ് ചെയ്യുന്ന സ്ഥാപനങ്ങളുടെ മൊത്തം വാർഷിക വരുമാനത്തിൽ വായ്പ, ബഡ്ജറ്റ് ശീർഷകം എന്നീ ഇനത്തിൽ ഒഴിവാക്കിയുള്ള തുകയുടെ 1% ഓഡിറ്റ് ഫീസായി ഈടാക്കി വരുന്നതായും ഈ ഇനത്തിൽ സർക്കാരിന് ഓരോ വർഷവും ഗണ്യമായ തുക വരുമാനമായി ലഭിക്കുന്നതായും സമിതി മനസ്സിലാക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, അനാഥാലയങ്ങൾ മുതലായ ചില സ്ഥാപനങ്ങളെ ഓഡിറ്റ് ഫീസിൽ നിന്നും സർക്കാർ ഒഴിവാക്കിയിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു.

26. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ ചാരിറ്റബിൾ എൻഡോവ്മെന്റുകളുടെ സംസ്ഥാന ട്രഷററായും ചുമതല വഹിക്കുന്നുണ്ടെന്നും ട്രഷററുടെ പേരിൽ ലഭിക്കുന്ന എൻഡോവ്മെന്റ് തുകകൾ ആദ്യം ട്രഷററുടെ പേരിലുള്ള പി.ഡി. അക്കൗണ്ടിൽ സൂക്ഷിക്കുകയും സർക്കാരിൽ നിന്നും വെസ്റ്റിംഗ് ഓർഡർ ലഭിക്കുന്നതനുസരിച്ച് ബാങ്കുകളിൽ സ്ഥിരനിക്ഷേപമാക്കി മാറ്റുകയും ചെയ്യുന്നുവെന്നും ഓരോ വർഷവും ബന്ധപ്പെട്ട കാര്യനിർവ്വാഹകർ ഗുണഭോക്താക്കളെ കണ്ടെത്തി തുക ആവശ്യപ്പെടുന്ന മുറയ്ക്ക് പലിശ തുകകൾ വിതരണം ചെയ്യുന്നുവെന്നും ചാരിറ്റബിൾ എൻഡോവ്മെന്റ് ട്രഷററുടെ പേരിൽ ലഭിക്കുന്ന കോർപ്പസ് തുകകളുടേയും പലിശ തുകകളുടെയും സംക്ഷിപ്തം എല്ലാ വർഷവും സെപ്റ്റംബർ 30-ാം തീയതിക്ക് മുൻപായി കേരള ഗസറ്റിൽ പ്രസിദ്ധീകരിക്കുന്നുവെന്നും സമിതി മനസ്സിലാക്കുന്നു.

27. കഴിഞ്ഞ മൂന്നുവർഷങ്ങളിൽ AIMS സോഫ്റ്റ് വെയർ ഉൾപ്പെടെയുള്ള പദ്ധതികൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക ചുവടെ ചേർക്കുന്നു.

| **സാമ്പത്തിക വർഷം** | **ബഡ്ജറ്റിൽ വകയിരുത്തിയ തുക** |
|---|---|
| 2019-20 | 2,50,00,000 |
| 2020-21 | 2,09,00,000 |
| 2021-22 | 2,09,00,000 |

28. 2016 മുതൽ സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും തങ്ങളുടെ വാർഷിക ധനകാര്യ പത്രികകൾ AIMS സോഫ്റ്റ്വെയറിലൂടെ

ഓൺലൈനായാണ് ഓഡിറ്റിനായി കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് സമർപ്പിക്കുന്നത്. 2017-18 സാമ്പത്തിക വർഷം മുതൽ സർവ്വകലാശാലകളും AIMS സോഫ്റ്റ്‌വെയർ മുഖേനയാണ് വാർഷിക ധനകാര്യ പത്രികകൾ ഓഡിറ്റ് വകുപ്പിന് സമർപ്പിക്കുന്നത്. നിലവിൽ ജില്ലാ ഓഡിറ്റ് ഓഫീസുകളിലും സർവ്വകലാശാല ഓഡിറ്റ് കാര്യാലയങ്ങളിലും ഓഡിറ്റ് പ്ലാനിംഗ്, ഓഡിറ്റ് നിർവ്വഹണം, റിപ്പോർട്ട് പുറപ്പെടുവിക്കൽ, ഓഡിറ്റ് റിപ്പോർട്ടിന്മേലുള്ള തുടർനടപടികൾ എന്നിവയും AIMS സോഫ്റ്റ് വെയർ മുഖേന നടത്തിവരുന്നു. ഇതുപോലെ AIMS സോഫ്റ്റ്‌വെയർ വകുപ്പിന്റെ പരിധിയിലുള്ള മറ്റ് സ്ഥാപനങ്ങളിലും പൂർണ്ണമായി നടപ്പിലാക്കുന്നതോടെ ഓഡിറ്റ് പൂർത്തിയാകുമ്പോൾ തന്നെ റിപ്പോർട്ട് പുറപ്പെടുവിക്കാൻ കഴിയും എന്ന് സമിതി വിലയിരുത്തുന്നു. **ആയതിനാൽ, AIMS സോഫ്റ്റ് വെയർ പൂർണ്ണമായ രീതിയിൽ വകുപ്പിൽ നടപ്പിലാക്കുവാൻ സത്വരനടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

29. വിവിധ സ്ഥാപനങ്ങളുടെ ഓഡിറ്റിൽ ഓരോ വർഷവും കണ്ടെത്തിയ പ്രധാന വിവരങ്ങൾ ഉൾപ്പെടുത്തി ഒരു സമാഹൃത റിപ്പോർട്ട് തയ്യാറാക്കി സർക്കാർ മുഖേന നിയമസഭയ്ക്ക് സമർപ്പിക്കേണ്ട പ്രധാന ചുമതല വകുപ്പിനുണ്ട്. ഇതിനായി ഓഡിറ്റ് കാര്യക്ഷമത, പ്രൊഫഷണൽ സമീപനം എന്നിവ വർദ്ധിപ്പിക്കുന്നതിന് ജീവനക്കാർക്ക് കാലാകാലങ്ങളിൽ പരിശീലനം നൽകേണ്ടതുണ്ടെന്ന് സമിതി വിലയിരുത്തുന്നു. **ആയതിനാൽ, കില, ഐ.എം.ജി. തുടങ്ങിയ ട്രെയിനിംഗ് സ്ഥാപനങ്ങളിൽ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുവാനും അക്കൗണ്ടന്റ് ജനറൽ നിർദ്ദേശിച്ച ടി.ജി.എസ്. പ്രകാരമുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡ്സ്, മെത്തഡോളജി, പെർഫോർമൻസ് ഓഡിറ്റ്, AIMS സോഫ്റ്റ്‌വെയറിലുള്ള പരിജ്ഞാനം തുടങ്ങിയവയിലുള്ള പരിശീലനം ധനകാര്യ വകുപ്പുമായി സഹകരിച്ച് നടത്തുവാനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകണമെന്നും അവ കൃത്യമായി പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്തണമെന്നും കോവിഡ് സമയത്ത് മുടങ്ങിയിരുന്ന പരിശീലനം തുടർന്നും നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

30. ഓഡിറ്റ് വകുപ്പിൽ, വകുപ്പിന്റെ പ്രവർത്തന മേഖലയിൽ വരുന്ന സ്ഥാപനങ്ങളുടെ വാർഷിക അക്കൗണ്ടുകളും സാമ്പത്തിക വിനിമയം സംബന്ധിച്ച മറ്റു രേഖകളും വിശദമായ ഓഡിറ്റിനു വിധേയമാക്കി പോരായ്മകൾ, ക്രമക്കേടുകൾ, സാമ്പത്തികനില തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തി ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ നിയമപരമായ തുടർനടപടികൾ സ്വീകരിച്ച് നഷ്ടങ്ങൾ ഉത്തരവാദികളിൽ നിന്ന് ചാർജ്/സർചാർജ് നടപടികളിലൂടെ ഈടാക്കുകയും ചെയ്യുന്നുവെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഓഡിറ്റ് കാലികമാക്കുന്നതിന് വകുപ്പിൽ മനുഷ്യവിഭവശേഷിയുടെ അപര്യാപ്തത നിലവിലുണ്ടെന്ന് അറിയാൻ സമിതിക്ക് കഴിഞ്ഞിട്ടുണ്ട്. **ആയതിനാൽ, വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി മതിയായ എണ്ണം ജീവനക്കാരെ നിയമിക്കുന്നതിന് ആവശ്യമായ സത്വര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

31. ഓഡിറ്റ് സ്ഥാപനത്തിന്റെ നിലവിലുള്ള ഓഡിറ്റ് നയങ്ങൾ, രീതികൾ, മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവയുടെ ഒരു സമാഹാരമാണ് ഓഡിറ്റ് മാന്വൽ എന്നും ആയത് ഓഡിറ്റർമാരുടെ തൊഴിൽ നൈപുണ്യം അഭിവൃദ്ധിപ്പെടുത്താനും ഓഡിറ്റ് പ്രവർത്തനം വിലയിരുത്തുന്നതിനും ഓഡിറ്റ് തന്ത്രങ്ങൾ ആവിഷ്കരിക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകാനും ഉദ്ദേശിച്ചിട്ടുള്ളതാണെന്നും സമിതി മനസ്സിലാക്കുന്നു. ഓഡിറ്റ് മാന്വൽ ഒരു സഹയാത്രികനായും ഓഡിറ്റ് നടപടിക്രമങ്ങളുടെ പ്രാഥമിക റഫറൻസ് ഗ്രന്ഥമായും പ്രവർത്തിക്കുന്നു. പുതിയ ഓഡിറ്റർമാരെ അവരുടെ തൊഴിൽ നൈപുണ്യം വികസിപ്പിക്കുവാൻ സഹായിക്കുക, ഓഡിറ്റിന്റെ നിലവാരം പരിപാലിക്കപ്പെടാനുതകുന്ന തരത്തിലുള്ള ഓഡിറ്റ് പ്രവൃത്തികളുമായി ബന്ധപ്പെട്ട് എല്ലാ കാര്യങ്ങളിലും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക എന്നിവ ഇതിന്റെ പ്രധാന ലക്ഷ്യങ്ങളാണ്. 2019-ൽ വകുപ്പിൽ ഓഡിറ്റ് മാന്വൽ നിലവിൽ വന്നതായി സമിതി മനസ്സിലാക്കുന്നു. ഓരോ അഞ്ചുവർഷം കൂടുന്തോറും ഓഡിറ്റ് മാന്വൽ പരിഷ്കരിക്കുന്നത് വകുപ്പിന്റെ സുഗമമായ പ്രവർത്തനം, നിലവാരത്തിലധിഷ്ഠിതമായ ഓഡിറ്റ് പ്രവർത്തന രീതി, ഓഡിറ്റർമാരുടെ തൊഴിൽ നൈപുണ്യ വികാസം എന്നിവ വർദ്ധിപ്പിക്കുന്നതിന് സഹായകമാകുന്നുവെന്ന് സമിതി വിലയിരുത്തുന്നു. **ആയതിനാൽ, ഓരോ അഞ്ചുവർഷം കൂടുംന്തോറും ഓഡിറ്റ് മാന്വൽ പരിഷ്കരിക്കുന്നതിന് ആവശ്യമായ**

**നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

32. പൊതുജനോപകാരപ്രദമായി പാവപ്പെട്ടവർക്ക് ധനസഹായം, വിദ്യാഭ്യാസ സഹായം, വൈദ്യസഹായം എന്നിവ നൽകുന്നതിനായാണ് എൻഡോവ്മെന്റുകൾ ആരംഭിച്ചത്. എൻഡോവ്മെന്റ് തുകകൾ സ്ഥിരനിക്ഷേപമാക്കി മാറ്റുന്നതിലൂടെ ലഭിക്കുന്ന പലിശ ഉപയോഗിച്ചാണ് ഈ കാരുണ്യപ്രവൃത്തികൾ നടപ്പിലാക്കുന്നത്. നിലവിൽ തിരുവനന്തപുരം ജില്ലാ ട്രഷറിയിലാണ് എൻഡോവ്മെന്റ് തുകകൾ നിക്ഷേപിച്ചിട്ടുള്ളത്. ചാരിറ്റബിൾ എൻഡോവ്മെന്റ് തുകയുടെ സ്ഥിര നിക്ഷേപങ്ങൾക്ക് ആദായനികുതി ഇളവ് ലഭിക്കുവാൻ വകുപ്പ് നൽകുന്ന അറിയിപ്പിലൂടെ പ്രസ്തുത സ്ഥാപനത്തെ ആദായനികുതി ഈടാക്കുന്നതിൽ നിന്ന് ഒഴിവാക്കിയ അറിയിപ്പ് അല്ലെങ്കിൽ സെക്ഷൻ 197(A) പ്രകാരം ആദായ നികുതി വകുപ്പ് നൽകുന്ന സാക്ഷ്യപത്രം ഹാജരാക്കുന്ന പക്ഷം ആദായനികുതി ഈടാക്കാറില്ല എന്ന് സമിതി മനസ്സിലാക്കുന്നു.

33. ഓഡിറ്റ് പൂർത്തിയാകുമ്പോഴോ, ആയതിനുശേഷം മൂന്നു മാസത്തിൽ കവിയാത്ത കാലയളവിനുള്ളിലോ ഓഡിറ്റർ പരിശോധിച്ചതും ഓഡിറ്റു ചെയ്യപ്പെട്ടതുമായ കണക്കുകളെ കുറിച്ചുള്ള ഒരു റിപ്പോർട്ട് ബന്ധപ്പെട്ട സ്ഥാപനത്തിന് അയച്ചുകൊടുക്കേണ്ടതുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പുകൾ സർക്കാർ നിർദ്ദേശിക്കുന്ന സംഘങ്ങൾക്കും ഉദ്യോഗസ്ഥർക്കും അല്ലെങ്കിൽ തദ്ദേശ അതോറിറ്റി നിയമം അനുശാസിക്കുന്നവർക്കും സമർപ്പിക്കേണ്ടതാണ്. എന്നാൽ ചില സ്ഥാപനങ്ങളുടെ ഓഡിറ്റ് റിപ്പോർട്ട് മൂന്നു മാസം കഴിഞ്ഞിട്ടും നൽകുവാൻ കാലതാമസം നേരിടുന്നതായി സമിതി നിരീക്ഷിക്കുന്നു. **ആയതിനാൽ, കാലതാമസം കൂടാതെ ഓഡിറ്റ് പൂർത്തിയാക്കി നിയമപരമായ കാലാവധിയായ മൂന്ന് മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

34. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഓഡിറ്റ് നടത്തുന്ന സ്ഥാപനങ്ങളിലെ ഓഡിറ്റ് ക്രമക്കേടുകൾ പരിഹരിക്കുന്നതിനും നഷ്ടം ഈടാക്കുന്നതിനുമുള്ള നടപടികൾ പ്രസ്തുത സ്ഥാപനങ്ങൾ തന്നെയാണ് സ്വീകരിച്ച് വരുന്നത്. എന്നാൽ ഓഡിറ്റിൽ വ്യക്തമായ നഷ്ടവും നഷ്ടോത്തരവാദിയും ഉള്ളതായി കണ്ടെത്തിയാൽ ലോക്കൽ ഫണ്ട്

ഓഡിറ്റ് വകുപ്പ് ചാർജ്/സർചാർജ് നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. തുടർച്ചയായ അവലോകനത്തിനും തുടർ നടപടികൾക്കുമായി ഓഡിറ്റ് വകുപ്പിന്റെ വാർഷിക ഭരണ നിർവ്വഹണ റിപ്പോർട്ടിൽ ഓരോ ഓഡിറ്റു ചെയ്യപ്പെടുന്ന സ്ഥാപനത്തിന്റെയും ചാർജ്/സർചാർജ് എന്നിവയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്. ആയതിനാൽ, **അതീവ ജാഗ്രതയോടും സൂക്ഷ്മതയോടുമുള്ള ഓഡിറ്റിംഗ്, ഓഡിറ്റിംഗിന്റെ നിലവാരം, സ്വതന്ത്രമായ ഓഡിറ്റിംഗ് എന്നിവയിൽ വകുപ്പ് ആവശ്യമായ ശ്രദ്ധ ചെലുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

35. ഓഡിറ്റിൽ വ്യക്തമായ നഷ്ടവും നഷ്ടോത്തരവാദിയും ഉള്ളതായി കണ്ടെത്തിയതിൻ പ്രകാരം കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിൽ ഓഡിറ്റ് വകുപ്പ് ചാർജ്/സർചാർജ് ഇനത്തിൽ ഈടാക്കിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ചാർജ്ജ് നോട്ടീസുകൾ | | സർചാർജ് നോട്ടീസുകൾ | | തിരികെ ഈടാക്കിയ തുക | |
|---|---|---|---|---|---|---|
| | | | | | ചാർജ് നോട്ടീസ് | സർചാർജ് നോട്ടീസ് |
| | എണ്ണം | തുക | എണ്ണം | തുക | എണ്ണം | തുക |
| 2019-20 | 11 | 21,40,353 | 169 | 2,44,01,600 | 20,000 | 5,73,241 |
| 2020-21 | 61 | 1,25,93,838 | 198 | 1,68,59,899 | 17,17,192 | 59,339 |
| 2021-22 | 6 | 25,85,086 | 149 | 9,23,798 | 0 | 11,70,629 |

36. 1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, വകുപ്പ് 16(4) 1996-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, ചട്ടം 20(13) എന്നിവ പ്രകാരം ഉത്തരവാദിയായ വ്യക്തി/വ്യക്തികളുടെ ബാധ്യതയായി സർട്ടിഫൈ ചെയ്ത തുക ചാർജ്/സർചാർജ് സർട്ടിഫിക്കറ്റ് ലഭിച്ച് ഒരു മാസത്തിനകം ബന്ധപ്പെട്ട അക്കൗണ്ടിൽ അടവാക്കുകയോ ചെയ്യാത്തപക്ഷം പൊതുറവന്യൂ കുടിശ്ശിക പോലെ 1968-ലെ RR ആക്ട് (സെക്ഷൻ 15) -ലെ വ്യവസ്ഥകൾ പ്രകാരം ഈടാക്കേണ്ടതാണെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. ആയതിൻ പ്രകാരം സാക്ഷ്യപത്രത്തിലൂടെ തിട്ടപ്പെടുത്തപ്പെടുന്ന നഷ്ടം ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടി സ്വീകരിക്കേണ്ട ഉത്തരവാദിത്തം സ്ഥാപനത്തിന്റെ എക്സിക്യൂട്ടീവ് അതോറിറ്റിക്കാണ്. ഓഡിറ്റ് വകുപ്പ് ചാർജ്/സർചാർജ് സാക്ഷ്യപത്രത്തിലൂടെ ബാധ്യത നിശ്ചയിച്ച് നൽകുന്ന തുക അടവാക്കി, ബാധ്യത

തീർപ്പാക്കി, എൻ.എൽ.സി അനുവദിക്കുന്നതിനും പെൻഷനാനുകൂല്യങ്ങൾ അനുവദിക്കുന്നതിനും തുകയുടെ അടവ് സംബന്ധിച്ച വിവരം ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ വകുപ്പ് മേധാവികൾക്കാണ് ലഭ്യമാകുന്നതെന്നും ആയതിനാൽ, സാക്ഷ്യപത്രത്തിലൂടെ തിട്ടപ്പെടുത്തിയ തുകയുടെ അടവ് വിവരങ്ങൾ ഓഡിറ്റ് വകുപ്പിൽ ലഭ്യമാകുന്നില്ല എന്നും സമിതി നിരീക്ഷിക്കുന്നു.

37. ഓഡിറ്റിന്റെ കുടിശ്ശിക നിലവാരം താഴ്ത്തികൊണ്ടുവരൽ വകുപ്പിന്റെ പ്രധാന ദൗത്യങ്ങളിൽ ഒന്നാണ്. 2019-20 വരെ വിവിധ ഓഡിറ്റ് സ്ഥാപനങ്ങളിൽ നിന്ന് ഓഡിറ്റ് ഫീസിനത്തിൽ ലഭിക്കാനുള്ള കുടിശ്ശിക 83.97 കോടി രൂപയായിരുന്നു. അതിൽ 21.414 കോടി രൂപ പിരിച്ചെടുത്തിട്ടുണ്ട്. ബാക്കി 62.556 കോടി രൂപ ലഭിക്കാനുണ്ട്. 2020-21-ൽ ആകെ 6.35 കോടി രൂപ ഓഡിറ്റ് ചാർജായി ലഭിച്ചിട്ടുണ്ട്. **വകുപ്പിന് ലഭിക്കേണ്ട കുടിശ്ശിക ഈടാക്കുവാൻ ആവശ്യമുള്ള നടപടികളുടെ രൂപരേഖ തയ്യാറാക്കി ആയത് പ്രാബല്യത്തിൽ കൊണ്ടുവന്ന് വകുപ്പിന് ലഭിക്കേണ്ട കുടിശ്ശികയുടെ തുക കുറച്ചു കൊണ്ട് വരുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

38. **സർക്കാരിന് ലഭിക്കുവാനുള്ള ഓഡിറ്റ് ഫീസ് ഒരു നിശ്ചിത പരിധിക്കുള്ളിൽ അടയ്ക്കാത്ത സ്ഥാപനങ്ങളിൽ നിന്ന് പിഴ ഈടാക്കുന്നതിനും എന്നിട്ടും കുടിശ്ശിക ലഭിച്ചില്ലെങ്കിൽ ഗ്രാന്റിൽ നിന്നും കുറവ് ചെയ്യുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

39. കേരള ഓഡിറ്റ് വകുപ്പ് ഓഡിറ്റ് നിർവ്വഹിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പെൻഷൻ ശിപാർശകൾ അംഗീകരിക്കുന്നത് വകുപ്പിന്റെ പ്രധാന പ്രവർത്തനമാണ്. മുൻസിപ്പാലിറ്റികൾ, മുൻസിപ്പൽ കോർപ്പറേഷനുകൾ, ലൈബ്രറി കൗൺസിൽ, സ്പോർട്സ് കൗൺസിൽ, വികസന അതോറിറ്റികൾ എന്നിവിടങ്ങളിലെ ജീവനക്കാരുടെ പെൻഷൻ ശിപാർശകൾ അംഗീകരിക്കുന്നത് സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറാണ്. ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളിലെ പെൻഷൻ കടലാസുകൾ ബന്ധപ്പെട്ട ജില്ലാ ഓഡിറ്റ് കാര്യാലയം മേധാവികളാണ് അംഗീകരിക്കുന്നത് എന്ന് സമിതി നിരീക്ഷിക്കുന്നു. ദേവസ്വം ബോർഡുകൾക്കു കീഴിലെ

ജീവനക്കാരുടെ പെൻഷൻ ശിപാർശകൾ അംഗീകരിക്കുന്നത് ബന്ധപ്പെട്ട ദേവസ്വം ബോർഡ് ഓഡിറ്റ് കാര്യാലയം മേധാവികളാണ്. സർവ്വകലാശാലകളിലെ പെൻഷൻ കടലാസുകൾ യൂണിവേഴ്സിറ്റി ഓഡിറ്റ് കാര്യാലയം മേധാവികൾ പരിശോധിച്ച് അംഗീകരിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. പെൻഷൻ ശിപാർശകൾക്ക് ലഭിക്കുന്ന ഫയലുകൾ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതുണ്ടെന്ന് നിരീക്ഷിച്ച സമിതി, **പെൻഷൻ ശിപാർശയ്ക്കു ലഭിക്കുന്ന ഫയലുകൾ സമയബന്ധിതമായി തീർപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

40. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനു കീഴിലുള്ള 9 ഉപകാര്യാലയങ്ങൾ വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം, ടൂറിസം ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം, ട്രെയിനിംഗ് സെന്റർ, ഗിഫ്റ്റ്(GIFT), ശ്രീകാര്യം, ക്ഷേമനിധി ഓഡിറ്റ് കാര്യാലയം, കൊല്ലം, ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം, ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ, ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ, മലബാർ ദേവസ്വം ഓഡിറ്റ് മേഖലാ കാര്യാലയം, തലശ്ശേരി, ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട് തുടങ്ങിയ ഓഫീസുകളാണ് വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നത്. 2020-21 സാമ്പത്തിക വർഷത്തിൽ 67.02 ലക്ഷം രൂപയാണ് വാടകയിനത്തിൽ വകുപ്പിന് ചെലവായിട്ടുള്ളതെന്ന് സമിതി നിരീക്ഷിക്കുന്നു. **ആയതിനാൽ, ഉപകാര്യാലയങ്ങൾ വാടക കെട്ടിടങ്ങളിൽ നിന്ന് സ്ഥിരം കാര്യാലയങ്ങളിലേക്ക് മാറ്റുവാൻ, റവന്യൂ, പൊതുമരാമത്ത് വകുപ്പുകൾ അടിയന്തരമായി നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

41. ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമപ്രകാരമുള്ള ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്ന സ്ഥാപനങ്ങളുടെയും, സർക്കാരിന്റെയും, ഹൈക്കോടതിയുടേയും ഉത്തരവുകളിലൂടെ ചുമതലപ്പെട്ട സ്ഥാപനങ്ങളുടെ സ്വതന്ത്രവും നിയമപരവുമായ ഓഡിറ്റ് നിർവ്വഹിക്കുക എന്നതാണ് വകുപ്പിന്റെ പ്രധാന ഉത്തരവാദിത്തം. ഓഡിറ്റ് നിർവ്വഹണത്തിനുപോകുന്ന ഓഡിറ്റർമാർ അവരുടെ കടമകൾ യാതൊരു തടസ്സവും കൂടാതെ നിർവ്വഹിക്കുന്നത് ഉറപ്പുവരുത്താൻ ചില അടിസ്ഥാന സൗകര്യങ്ങൾ ചെയ്തു നൽകേണ്ടതുണ്ടെന്ന് സമിതി വിലയിരുത്തുന്നു.

42. **ഓഡിറ്റിന് പോകുന്ന എല്ലാ ഉദ്യോഗസ്ഥർക്കും അവശ്യം വേണ്ട ഒന്നാണ് ലാപ്ടോപ്പ്. ഓഡിറ്റ് നടക്കുന്ന വേളയിൽ രേഖാമൂലം ലഭിക്കുന്ന പരാതികൾ പരിശോധിക്കുവാനും മറ്റും ലാപ്ടോപ്പ് ആവശ്യമായി വരുന്നു. ഓഡിറ്റിനായി പോകുന്ന എല്ലാ ഓഡിറ്റർമാർക്കും ലാപ്ടോപ്പ് വിതരണം ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

## III) ട്രഷറി വകുപ്പ്

43. റവന്യൂ വകുപ്പിന്റെ ഭാഗമായിരുന്ന ട്രഷറി വകുപ്പ് 1963-ലാണ് ട്രഷറി ഡയറക്ടർ മേധാവിയായ ഒരു സ്വതന്ത്ര വകുപ്പായി പ്രവർത്തനം ആരംഭിച്ചത്. സർക്കാർ തലത്തിൽ ട്രഷറി വകുപ്പിന്റെ ഭരണപരമായ നിയന്ത്രണം ധനകാര്യ വകുപ്പിനാണ്. സംസ്ഥാന സർക്കാരിന്റെ പ്രൈമറി ഓഡിറ്ററാണ് ട്രഷറി.

44. സർക്കാരിന്റെ ദൈനംദിന സാമ്പത്തിക ക്രമീകരണങ്ങൾ നിർവ്വഹിക്കുക, സർക്കാരിന്റെ ഖജനാവ് സൂക്ഷിപ്പിന്റെ ചുമതല വഹിക്കുക, സർക്കാരിന്റെ സാമ്പത്തിക ഇടപാടുകളുടെ കണക്കുകൾ തയ്യാറാക്കി റിപ്പോർട്ട് ചെയ്യുക, സർക്കാരിനു വേണ്ടി പണമിടപാടുകൾ നടത്തുക, പെൻഷൻ വിതരണം നടത്തുക, സേവിംഗ്സ് ബാങ്ക് ഇടപാടുകൾ നടത്തുക, ട്രഷറി സ്ഥിരനിക്ഷേപ ഇടപാടുകൾ നടത്തുക, സർക്കാരിനു വേണ്ടി മുദ്രപത്ര വിതരണം നടത്തുക, സർക്കാരിന്റെ വിലപിടിപ്പുള്ള സാധനങ്ങൾ സൂക്ഷിക്കുക, എസ്.എസ്.എൽ.സി./എൻട്രൻസ് ഉൾപ്പെടെ പ്രധാനപ്പെട്ട ചോദ്യങ്ങളുടെ ചോദ്യപേപ്പറുകൾ സൂക്ഷിക്കുക തുടങ്ങിയവയാണ് വകുപ്പിന്റെ പ്രധാന ചുമതലകൾ.

45. സംസ്ഥാനത്തിന്റെ സാമ്പത്തിക നടത്തിപ്പിനും സംസ്ഥാന സർക്കാർ പണം കൈകാര്യം ചെയ്യുന്നതിനുമുള്ള ഏക ഏജൻസി എന്ന നിലയിലും കേരള ട്രഷറി വകുപ്പ് നിർണ്ണായക പങ്ക് വഹിക്കുന്നു. നൂറ്റാണ്ടിന്റെ തുടക്കത്തിൽ തന്നെ പൂർണമായും കമ്പ്യൂട്ടർവൽകൃതമായ ട്രഷറി വകുപ്പ് സാമ്പത്തിക ഇടപാടുകളിൽ പുതിയ സാങ്കേതിക വിദ്യകൾ സ്വീകരിക്കുന്നതിൽ എല്ലായ്പ്പോഴും മുന്നിലാണെന്ന് സമിതി വിലയിരുത്തുന്നു.

46. കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിൽ ട്രഷറി വകുപ്പിന് ബഡ്ജറ്റിൽ അനുവദിച്ച തുക, ചെലവഴിച്ച തുക എന്നിവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| **വർഷം** | **ബജറ്റിൽ അനുവദിച്ച തുക** | **ചെലവഴിച്ച തുക** |
|---|---|---|
| 2019-20 | 2,24,16,41,000/- | 2,09,10,83,466/- |
| 2020-21 | 2,22,56,68,000/- | 2,00,66,39,616/- |
| 2021-22 | 2,96,59,27,000/- | 3,02,44,79,120/- |

2019-20, 2020-21 സാമ്പത്തിക വർഷത്തിൽ അനുവദിച്ച തുകഏകദേശം മുഴുവനായി ചെലവഴിച്ചിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. 2021-22 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ അനുവദിച്ച തുകയേക്കാൾ കൂടുതൽ ചെലവഴിച്ചിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു.

47. ട്രഷറിയുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതിയുടെ ഭാഗമായിട്ട് 2019-മുതൽ 2023 വരെയുള്ള കാലളവിൽ 35 ട്രഷറി കെട്ടിടങ്ങൾ പണി പൂർത്തിയായി പ്രവർത്തനം ആരംഭിച്ചിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. ഉദ്ഘാടനസജ്ജമായി നിലവിൽ 2 ട്രഷറികൾ ഉണ്ടെന്നും നടപ്പ് സാമ്പത്തിക വർഷം 22 ട്രഷറികൾക്കായി പുതിയ കെട്ടിടങ്ങൾ നിർമ്മിക്കാനുള്ള നടപടികൾ സ്വീകരിച്ച് വരികയാണെന്നും സമിതി മനസ്സിലാക്കുന്നു.

48. കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി അനുവദിച്ച തുക, ചെലവഴിച്ച തുക എന്നിവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| **വർഷം** | **ബജറ്റിൽ അനുവദിച്ച തുക** | **ചെലവഴിച്ച തുക** |
|---|---|---|
| 2019-20 | 13,06,97,000 | 12,90,42,749 |
| 2020-21 | 22,17,15,000 | 21,98,00,763 |
| 2021-22 | 31,39,40,000 | 30,62,11,620 |

മൂന്ന് സാമ്പത്തിക വർഷങ്ങളിലും അനുവദിച്ച തുക ഏകദേശം പൂർണ്ണമായി വിനിയോഗിച്ചതായി സമിതി മനസ്സിലാക്കുന്നു.

49. നിരവധി പേയ്മെന്റ് രീതികൾക്കും വെബ്സൈറ്റുകൾക്കുമായി ഉപഭോക്താക്കളുടെ പേയ്മെന്റ് വിവരങ്ങളും പാസ്‌വേഡുകളും സുരക്ഷിതമായി സംഭരിക്കുന്ന സംവിധാനമാണ് ഇ-വാലറ്റ് എന്നും ആയത് നൽകുന്ന സേവനം ക്രെഡിറ്റ്/ഡെബിറ്റ് കാർഡിന് തുല്യമാണെന്നും പേയ്മെന്റുകൾ നടത്തുന്നതിന് ഇ-വാലറ്റ് ബാങ്ക് അക്കൗണ്ടുമായി ലിങ്ക് ചെയ്യേണ്ടതുണ്ടെന്നും ഇപ്പോൾ മിക്ക വകുപ്പുകളുടെയും പണമിടപാട് ഇ-ട്രഷറി സംവിധാനം വഴിയാണെന്നും ഇ-ട്രഷറിയെ ഇ-വാലറ്റുമായി ബന്ധിപ്പിക്കുന്നത് പണം കൈമാറ്റം ലളിതമാക്കുവാൻ സഹായിക്കുമെന്നും സമിതി നിരീക്ഷിക്കുന്നു. പണം കൈമാറ്റത്തിന് ബാങ്ക് അക്കൗണ്ടുകൾ ആവശ്യമില്ലാത്തതിനാൽ അക്കൗണ്ട് വിവരങ്ങൾ നൽകേണ്ടി വരുന്നില്ലെന്നും പണം നിക്ഷേപിക്കുന്നതിന് കുറഞ്ഞ തുകയില്ലെന്നും പ്രീപെയ്ഡ് അക്കൗണ്ട് ആയതിനാൽ പേയ്മെന്റ് ലഭിക്കുവാൻ താമസം നേരിടുന്നില്ലെന്നും ക്യാഷ്ബാക്ക്, റിവാർഡുകൾ, ഡിസ്കൗണ്ട് ഓഫറുകൾ തുടങ്ങിയവ ലഭിക്കുന്നതിനാൽ ലാഭകരമായ ഷോപ്പിംഗ് നടത്താൻ കഴിയുമെന്നുമുള്ള നേട്ടങ്ങൾ സമിതി വിലയിരുത്തുന്നു. നിലവിൽ ഇ-ട്രഷറിയിൽ ബാങ്കുകൾ മാത്രമാണ് സംയോജിപ്പിച്ചിട്ടുള്ളത്. **ഇ-ട്രഷറിയിൽ ടി.എസ്.ബി ഓപ്ഷൻ കൂടി ഉൾപ്പെടുത്തുകയാണെങ്കിൽ ട്രഷറി സേവിംഗ്സ് അക്കൗണ്ട് ഉടമകൾക്ക് അതുവഴി ഇടപാടുകൾ നടത്താൻ കഴിയുന്നതാണ്. ആയതിനാൽ ഇ-വാലറ്റ് സംവിധാനം വകുപ്പിൽ നടപ്പാക്കി ഇ-ട്രഷറിയെ ഇ-വാലറ്റുമായി ബന്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

50. മാസത്തിലെ ആദ്യ പ്രവൃത്തി ദിനങ്ങളിലാണ് ശമ്പള/പെൻഷൻ വിതരണം നടത്തുന്നത്. സാങ്കേതിക തകരാറിനെ തുടർന്ന് പലപ്പോഴും ഇത് മുടങ്ങുന്ന പ്രവണത ഉണ്ടായിട്ടുള്ളതായി സമിതി വിലയിരുത്തുന്നു. സെർവർ തകരാറിലാണ് എന്നാണ് പലപ്പോഴും അറിയാൻ സാധിക്കുന്നത്. സർവർ മാറ്റി സ്ഥാപിച്ച് കഴിഞ്ഞിട്ടും ഈ പ്രശ്നം ഉണ്ടാകുന്നുണ്ട് എന്ന് സമിതി നിരീക്ഷിക്കുന്നു. കൂടാതെ, മികച്ച ട്രഷറി ശൃംഖലയുള്ള സംസ്ഥാനത്ത് എ.റ്റി.എം. ഉൾപ്പെടെയുള്ള ആധുനിക ഡിജിറ്റൽ ബാങ്കിംഗ് സേവനങ്ങൾ നൽകാൻ കഴിയാത്തത് വൃദ്ധരായ പെൻഷൻകാർ ഉൾപ്പെടെയുള്ള ഇടപാടുകാരെ ബുദ്ധിമുട്ടിക്കുന്നുണ്ട് എന്ന് സമിതി നിരീക്ഷിക്കുന്നു.

ബാങ്കുകൾ ഡിജിറ്റൽ സാങ്കേതിക വിദ്യയിലൂടെ സേവനങ്ങൾ വിരൽത്തുമ്പിൽ എത്തിക്കുമ്പോൾ ട്രഷറിയ്ക്ക് അതിനു സാധിക്കാത്തത് ശക്തമായ സെൻട്രൽ സെർവറും റിസർവ് ബാങ്കിന്റെ അനുമതിയും ഇല്ലാത്തതുമൂലമാണ്. കാര്യക്ഷമമായ സെൻട്രൽ സർവർ ഉണ്ടെങ്കിലേ എ.റ്റി.എം. അടക്കമുള്ള ആധുനിക ബാങ്കിംഗ് സേവനങ്ങൾ ട്രഷറിക്ക് ഉറപ്പാക്കാൻ കഴിയൂ എന്ന് സമിതി വിലയിരുത്തുന്നു. **ആയതിനാൽ, നിലവിലെ ഓൺലൈൻ സേവനങ്ങൾക്ക് പുറമേ ഒരു ശക്തമായ സെൻട്രൽ സെർവർ സംവിധാനം ട്രഷറിയിൽ ഏർപ്പെടുത്താനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

51. ട്രഷറികളിലെ പെൻഷൻ വിതരണം പെൻഷനേഴ്സ് ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലൂടെ ആദ്യ പ്രവൃത്തി ദിവസം തന്നെ പെൻഷൻകാരുടെ അക്കൗണ്ടിൽ വരവ് വെയ്ക്കുകയാണ് ചെയ്യുന്നതെന്നും മാസത്തിലെ എല്ലാ പ്രവൃത്തി ദിവസവും പെൻഷൻകാർക്ക് തുക പിൻവലിക്കാനുള്ള സൗകര്യമുണ്ടെന്നും പെൻഷൻ പി.ടി.എസ്.ബി. ചെക്ക് നൽകുമ്പോഴാണ് പെൻഷൻ തുക മാറി നൽകുന്നതെന്നും ആയതിനാൽ മറ്റൊരാൾ വഴിയും പെൻഷൻകാർക്ക് തുക മാറ്റിയെടുക്കാവുന്നതാണെന്നും സമിതി മനസ്സിലാക്കുന്നു. മിനിമം പെൻഷൻ വാങ്ങുന്നവർ, 75 വയസ്സ് കഴിഞ്ഞവർ, ശാരീരിക വൈകല്യമുള്ളവർ എന്നിവർക്ക് പെൻഷൻ തുക സർക്കാർ ചെലവിൽ മണിയോർഡറായി നൽകി വരുന്നുണ്ടെന്നും മറ്റുള്ളവർക്ക് അവർ ആവശ്യപ്പെടുന്ന പക്ഷം സ്വന്തം ചെലവിൽ മണിയോർഡർ ആയി അയച്ചു കൊടുക്കുന്നുണ്ടെന്നും വർഷത്തിൽ ഒരിക്കൽ മസ്റ്ററിംഗ് നടത്താനായി ആൾ നേരിട്ട് ഓഫീസിൽ എത്തേണ്ട സാഹചര്യം നിലവിലുണ്ടെന്നും 75 വയസ്സിന് മുകളിൽ ഉള്ളവരിൽ കൂടുതലും ശാരീരികമായി പലപല അസ്വസ്ഥതകൾ നേരിടുന്നവരാണെന്നും സമിതി നിരീക്ഷിക്കുന്നു. **ആയതിനാൽ, 75 വയസ്സ് കഴിഞ്ഞ പെൻഷൻകാരുടെ ലൈഫ് മസ്റ്ററിംഗ് ഉദ്യോഗസ്ഥൻ വീട്ടിലെത്തി ചെയ്യുവാൻ കഴിയുമോ എന്നത് പരിശോധിച്ച് ആയതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

52. ട്രഷറി ഇടപാടുകൾ ആധുനികമാക്കാനും ട്രഷറി ഇടപാടുകളുടെ പൂർണ്ണസുരക്ഷ ഉറപ്പാക്കാനും നിലവിൽ പരിമിതമായ സൗകര്യങ്ങളാണ് ഉള്ളതെന്നും

സമിതി മനസ്സിലാക്കുന്നു. സർക്കാരിന്റെ ധനകാര്യ ഇടപാടുകൾ നടത്തുന്നതിനാൽ സാധാരണ പൗരന്റെ ദൃഷ്ടിയിൽ ട്രഷറികളുടെ പ്രവർത്തനം സർക്കാരിന്റെ കാര്യക്ഷമതയുടെ അളവുകോലായി സമിതി വിലയിരുത്തുന്നു. ആയതിനാൽ ട്രഷറി പ്രവർത്തനത്തിന്റെ വേഗതയും സുതാര്യതയും വർദ്ധിപ്പിച്ച് ട്രഷറി സേവനങ്ങളുടെ കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിൽ ശ്രദ്ധ പുലർത്തേണ്ടതുണ്ടെന്ന് സമിതി നിരീക്ഷിക്കുന്നു.

53. **ട്രഷറി ഇടപാടുകളുടെ പൂർണ്ണ സുരക്ഷ ഉറപ്പാക്കാൻ ഓരോ ജീവനക്കാരനും ട്രഷറി സംവിധാനത്തിൽ പ്രവേശിക്കുന്നത് ആധാർ അധിഷ്ഠിത ബയോമെട്രിക് സംവിധാനത്തിലേക്ക് മാറ്റുവാനും വിവരസാങ്കേതിക വകുപ്പുമായി സഹകരിച്ച് ഇടപാട് നടത്തുന്ന ഉപഭോക്താവിന്റെ മൊബൈൽ ഫോണിലേക്ക് ഒറ്റത്തവണ OTP അയയ്ക്കുന്ന സുരക്ഷാസംവിധാനം കൊണ്ടുവരാനുമുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

54. ട്രഷറി വകുപ്പിനു കീഴിൽ നിലവിൽ സ്റ്റാമ്പ് ഡിപ്പോകളുണ്ടെന്നും അതത് സ്റ്റാമ്പ് ഡിപ്പോയുടെ കീഴിലുള്ള സബ് ട്രഷറികൾക്ക് മുദ്രപത്രങ്ങളും സ്റ്റാമ്പുകളും വിതരണം ചെയ്യുന്നതോടൊപ്പം വെണ്ടർമാർക്കും എക്സ് ഓഫിഷ്യോ ആയി പൊതുജനങ്ങൾക്കും സ്റ്റാമ്പ് ഡിപ്പോയിൽ നിന്ന് മുദ്രപത്രങ്ങൾ വിതരണം ചെയ്തു വരുന്നുവെന്നും സമിതി മനസ്സിലാക്കുന്നു. റവന്യൂ വകപ്പിന്റെ അധീനതയിലുള്ള തിരുവനന്തപുരം സ്റ്റാമ്പ് ഡിപ്പോയിൽ നിന്നുമാണ് ട്രഷറികൾക്കാവശ്യമായ മുദ്രപത്രങ്ങളും സ്റ്റാമ്പുകളും വിതരണത്തിന് ലഭ്യമാക്കുന്നതെന്നും നാസിക്കിലേയും ഹൈദരാബാദിലേയും സെക്യൂരിറ്റി പ്രസ്സിൽ നിന്നും അച്ചടിച്ച മുദ്രപത്രങ്ങളും സ്റ്റാമ്പുകളും സെൻട്രൽ ഡിപ്പോയിൽ എത്തിച്ചാണ് അവ ട്രഷറികൾക്ക് അനുവദിക്കുന്നതെന്നും സമിതി നിരീക്ഷിക്കുന്നു.

55. സ്റ്റാമ്പുകളുടെയും മുദ്രപത്രങ്ങളുടെയും ക്ഷാമം ഉണ്ടാകാത്ത രീതിയിൽ ആവശ്യമായ സ്റ്റോക്ക് മുൻകൂട്ടി എടുത്തു വയ്ക്കാനുള്ള നിർദ്ദേശം എല്ലാ സ്റ്റേറ്റ് ഡിപ്പോകൾക്കും നൽകിയിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. എന്നിരുന്നാലും കുറഞ്ഞ നിരക്കിലുള്ള മുദ്രപത്രങ്ങൾ ചില സമയങ്ങളിൽ ലഭ്യമല്ലെന്നുള്ളത് സമിതി

ഗൗരവമായി നിരീക്ഷിക്കുന്നു. **ആയതിനാൽ, മുദ്രപത്രങ്ങളും സ്റ്റാമ്പുകളും ലഭിക്കാതെ വരുന്ന അവസ്ഥ മറികടക്കുവാൻ ആവശ്യമായ മുദ്രപത്രങ്ങളും സ്റ്റാമ്പുകളും മുൻകൂട്ടി ഡിപ്പോയിൽ സ്റ്റോക്ക് ചെയ്യാനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

56. ട്രഷറി സേവിംഗ്സ് ബാങ്ക്, പെൻഷനേഴ്സ് ട്രഷറി സേവിംഗ്സ് ബാങ്ക്, ട്രഷറി ഫിക്സഡ് ഡെപ്പോസിറ്റ്, ട്രഷറി പബ്ലിക് അക്കൗണ്ട്, സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക്, എംപ്ലോയി ട്രഷറി സേവിംഗ്സ് ബാങ്ക്, പ്ലാൻ സ്കീം ട്രഷറി സേവിംഗ്സ്. സോഷ്യൽ സെക്യൂരിറ്റി പെൻഷൻ അക്കൗണ്ട്, ജേർണലിസ്റ്റ് പെൻഷൻ ട്രഷറി സേവിംഗ്സ് ബാങ്ക് തുടങ്ങിയ സേവനങ്ങളാണ് ട്രഷറിയിൽ നിലവിലുള്ള സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകൾ. ഇതിലേക്ക് ഇടപാടുകാർക്ക് ട്രഷറി സന്ദർശിക്കാതെ തന്നെ ഓൺലൈനായി സർക്കാരിലേക്ക് പണമടയ്ക്കാനുള്ള ഇ-ട്രഷറി സംവിധാനം 2014 മുതൽ നടപ്പിലാക്കിയിട്ടുണ്ടെന്നത് അഭിനന്ദനാർഹമാണ്. നെറ്റ് ബാങ്കിംഗ് സൗകര്യമുള്ള ഇടപാടുകാർക്ക് ലോകത്തെവിടെ നിന്നും ഏതുസമയത്തും ട്രഷറിയിലേക്ക് ഓൺലൈനായി പണമടയ്ക്കാവുന്നതാണ്. ഈ അക്കൗണ്ടുകളിൽ ഇടപാട് നടത്തുമ്പോൾ എസ്.എം.എസ് അലേർട്ടുകൾ ഒന്നും തന്നെ വരുന്നില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ഇടപാടുകളെ സംബന്ധിക്കുന്ന കാര്യങ്ങൾ അറിയാനായി ഇടപാടുകാർ വീണ്ടും ട്രഷറിയിൽ നേരിൽ പോകേണ്ട അവസ്ഥ സംജാതമാകുന്നുണ്ട്. നിലവിൽ eTSB ക്ലോസിംഗിന് മാത്രമാണ് എസ്.എം.എസ് അലെർട്ട് ഉള്ളത്. **ആയതിനാൽ, ട്രഷറിയിൽ നിന്ന് ഇടപാടുകൾ നടത്തുമ്പോൾ കൃത്യമായി എസ്.എം.എസ്. അലേർട്ടുകൾ ലഭിക്കുവാൻ NIC യുമായി ചേർന്ന് അടിയന്തരമായി നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

57. വെള്ളക്കരം, വൈദ്യുതി ചാർജ്ജ്, വസ്തു നികുതി , കരം മുതലായവ ട്രഷറി അക്കൗണ്ട് വഴി അടയ്ക്കുന്നത് സംബന്ധിച്ച് കെ.എസ്.ഇ.ബിയുമായും വാട്ടർ അതോറിറ്റിയുമായും ചർച്ച നടത്തിയിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. **ഇതിനായുള്ള നടപടികൾ അടിയന്തരമായി പൂർത്തിയാക്കി വെള്ളക്കരം, വൈദ്യുതിചാർജ്ജ് എന്നിവ ട്രഷറി അക്കൗണ്ട് വഴി അടയ്ക്കുന്നതിനുള്ള സംവിധാനം കൊണ്ടു വരണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

58. ട്രഷറികളിലെത്തുന്ന പൊതുജനങ്ങൾക്ക് ലഭ്യമാക്കേണ്ട പ്രധാന അടിസ്ഥാന സൗകര്യങ്ങളാണ് കുടിവെള്ളവും വിശ്രമിക്കാനുള്ള സൗകര്യവും. ചില ട്രഷറികളിലെങ്കിലും പ്രസ്തുത സൗകര്യങ്ങൾ ലഭ്യമല്ല എന്ന് സമിതി മനസ്സിലാക്കുന്നു. അത്തരം ട്രഷറികളിലെത്തുന്ന വയോജനങ്ങൾ വിശ്രമിക്കാൻ ഇടം ഇല്ലാത്തതു മൂലം ബുദ്ധിമുട്ടനുഭവിക്കേണ്ടി വരുന്നത് നിർഭാഗ്യകരമായ അവസ്ഥയാണെന്ന് സമിതി വിലയിരുത്തുന്നു. പ്രാഥമിക ആവശ്യം എന്ന നിലയിൽ എല്ലാ ട്രഷറികളിലും കുടിവെള്ളവും വിശ്രമിക്കാനുള്ള സൗകര്യവും ഉറപ്പുവരുത്തേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. **ആയതിനാൽ, എല്ലാ ട്രഷറികളിലും കുടിവെള്ളം, വിശ്രമിക്കാനുള്ള സ്ഥലം തുടങ്ങിയ സേവനങ്ങൾ ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ വകുപ്പ് സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

59. ട്രഷറികളിലുള്ള പണം എ.റ്റി.എം. വഴി പിൻവലിക്കാൻ കഴിയണം എന്നുള്ളത് ജീവനക്കാരുടേയും പെൻഷൻകാരുടേയും ഏറെക്കാലത്തെ ആവശ്യമാണെന്ന് സമിതി വിലയിരുത്തുന്നു. ആയത് പ്രാബല്യത്തിൽ വന്നാൽ ട്രഷറി ശാഖകളിൽ നേരിട്ടെത്തിയാലേ പണമെടുക്കാൻ കഴിയൂ എന്ന പരാതിയ്ക്ക് പരിഹാരമാകുമെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതുമൂലം ജീവനക്കാരുടെ ശമ്പളം ട്രഷറിയിൽ നിലനിർത്തുവാൻ സാധിക്കുമെന്നും ബാങ്ക് എ.ടി.എം കാർഡിലെ സൗകര്യങ്ങളും, ഏത് ബാങ്കിൽ നിന്നും പണമെടുക്കാനുള്ള സൗകര്യവും ഉണ്ടെങ്കിൽ കൂടുതൽ ഇടപാടുകാരെ ട്രഷറിയിൽ എത്തിക്കുവാൻ സാധിക്കുമെന്നും സമിതി അഭിപ്രായപ്പെടുന്നു. ട്രഷറികളിൽ ATM സ്ഥാപിക്കുന്നതിനായി RBI അനുമതി നൽകിയിട്ടില്ല. നിലവിൽ TSB ഓൺലൈൻ വഴി ട്രഷറി സേവിംഗ്സ് ബാങ്കിലെ പണം ഇടപാടുകാരുടെ ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റാനും അതുവഴി എ.റ്റി.എം.-ലെ തുക പിൻവലിക്കാനും കഴിയുന്നു എന്നും സമിതി മനസ്സിലാക്കുന്നു. **ആയതിനാൽ, ട്രഷറികളിൽ ATM സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുന:പരിശോധിച്ച് ആയത് നടപ്പിലാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

60. കഴിയുന്നത്ര മേഖലകളിൽ നിന്ന് അധിക പണം സമാഹരിക്കുന്നതിനുള്ള നടപടിയുടെ ഭാഗമായി സംസ്ഥാനട്രഷറി സേവനങ്ങൾക്കുള്ള നിരക്കുകൾ

വർദ്ധിപ്പിക്കുന്നതായി സമിതി വിലയിരുത്തുന്നു. നിലവിലെ നിരക്കുകൾ അനുബന്ധം (IV)-ൽ ചേർത്തിരിക്കുന്നു.

61. എല്ലാ ട്രഷറികളിലും Front Office സംവിധാനം ഉറപ്പുവരുത്തേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. സബ്ട്രഷറിയും ജില്ലാട്രഷറിയും ഉൾപ്പെടെ 224 ട്രഷറികളാണ് ഉള്ളതെന്നും. ആയതിൽ 46 ട്രഷറികളിൽ മാത്രമേ Taken Display and Management System ഏർപ്പെടുത്തിയിട്ടുള്ളൂവെന്നും **Front Office സംവിധാനം നിലവിലുണ്ടെങ്കിൽ ഏത് പ്രായത്തിലുള്ള ഇടപാടുകാർക്കും വിവരങ്ങൾ പെട്ടെന്ന് അറിയുവാനും പെൻഷൻ നൽകുന്ന സമയത്തുള്ള തിരക്ക് ഒഴിവാക്കാനും കഴിയുമെന്നും ഇടപാടുകാരുടെ സംശയങ്ങൾ ദുരീകരിക്കുവാൻ ഇതിലൂടെ സാധിക്കുമെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ എല്ലാ ട്രഷറികളിലും Front Office സൗകര്യം ഏർപ്പെടുത്താനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

62. ഇപ്പോൾ നിലവിലുള്ള ട്രഷറികളിൽ കൂടുതലും കോർപ്പറേഷനുകളിലും മുൻസിപ്പാലിറ്റികളിലുമായാണ് സ്ഥിതി ചെയ്യുന്നതെന്ന് നിരീക്ഷിച്ച സമിതി ഗ്രാമപ്രദേശങ്ങളിൽ കൂടുതൽ സബ് ട്രഷറികൾ അനുവദിച്ചു കിട്ടുന്നത് ഒരു നാടിന്റെ വികസനത്തിനും പ്രായമായ പെൻഷൻകാർക്ക് അധികം യാത്ര ചെയ്യാതെ ട്രഷറികളിൽ ഇടപാടുകൾക്കായി എത്തിപ്പെടാനും സഹായകരമാകുമെന്ന് വിലയിരുത്തുന്നു. നിലവിൽ ട്രഷറികളിൽ നേരിട്ടെത്തിയാണ് ഇടപാടുകാർ പണമിടപാട് നടത്തുന്നത്. ഗ്രാമപ്രദേശങ്ങളിൽ ഉള്ളവർ ഇതിനായി ധാരാളം യാത്ര ചെയ്യേണ്ടതായും വരുന്നുണ്ട്. ഒരു പ്രത്യേക പ്രദേശത്ത് ട്രഷറി തുടങ്ങേണ്ട ആവശ്യകത പരിശോധിച്ച് ട്രഷറികൾ തുടങ്ങേണ്ട സ്ഥലങ്ങളിൽ എത്ര DDO -മാർ, പെൻഷൻകാർ, പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ, മറ്റ് ഓഫീസുകൾ എന്നിവയുടെ കണക്ക് ശേഖരിക്കുകയും ആവശ്യമായ ജീവനക്കാരുടെ എണ്ണം, കെട്ടിടസൗകര്യം, മറ്റ് അടിസ്ഥാനസൗകര്യങ്ങൾ എന്നിവയുടെ ലഭ്യത തുടങ്ങിയവ ഉറപ്പുവരുത്തി ആരംഭിക്കുവാൻ അനുമതി നൽകുന്നതാണ്. **ആയതിനാൽ, ഗ്രാമപ്രദേശങ്ങളിൽ ട്രഷറികൾ ആരംഭിക്കുന്നത് സംബന്ധിച്ച സാധ്യതാപഠനം നടത്തി ആയത്**

**പ്രാവർത്തികമാക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു.**

63. ജീവനക്കാരുടെ കാര്യക്ഷമത, പ്രൊഫഷണൽ സമീപനം എന്നിവ വർദ്ധിപ്പിക്കുന്നതിന് കാലാകാലങ്ങളിൽ ട്രഷറി ജീവനക്കാർക്ക് പരിശീലനം നൽകേണ്ടതുണ്ടെന്നും ട്രഷറി ഇടപാടുകൾ ഭൂരിഭാഗവും ഓൺലൈനിലേക്ക് മാറിക്കഴിഞ്ഞ നിലവിലെ സാഹചര്യത്തിൽ ജീവനക്കാരും അതിനനുസരിച്ച് അവരുടെ പ്രവർത്തനമേഖല മാറ്റേണ്ടതുണ്ടെന്നും സമിതി അഭിപ്രായപ്പെടുന്നു. **ആയതിനാൽ, Gulati Institute of Finance and Taxation (GIFT), IMG എന്നീ സ്ഥാപനങ്ങളുമായി സഹകരിച്ച് ജീവനക്കാർക്ക് പരിശീലന പരിപാടി നടത്തുവാനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

64. ടി.എസ്.ബി/പി.ടി.എസ്.ബി തുടങ്ങിയ സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകളിൽ 5 വർഷമായി ഇടപാടുകൾ നടത്താതിരിക്കുന്ന അൺഓപ്പറേറ്റഡ് അക്കൗണ്ടുകളിൽ അവശേഷിക്കുന്ന തുക കേരള ട്രഷറി കോഡിലെ ചട്ടങ്ങൾ പ്രകാരം സർക്കാരിന്റെ റവന്യൂ അക്കൗണ്ടിലേക്ക് മാറ്റുകയാണ് ചെയ്യുന്നതെന്നും അവകാശികൾ കൈപ്പറ്റാത്ത സ്ഥിര നിക്ഷേപങ്ങൾ ട്രഷറികളിൽ തന്നെ സൂക്ഷിക്കുകയാണ് ചെയ്യുന്നതെന്നും സമിതി മനസ്സിലാക്കുന്നു. അവകാശികൾ കൈപ്പറ്റാത്ത ട്രഷറി നിക്ഷേപമായി 12,74,691/-രൂപയാണ് 10 വർഷക്കാലയളവിനുള്ളിൽ ട്രഷറിയിൽ ഉള്ളതെന്നും റവന്യൂ ഡെപ്പോസിറ്റിൽ നിന്നും മൂന്ന് സാമ്പത്തിക വർഷത്തിനുള്ളിൽ പിൻവലിക്കാത്ത തുകകൾ സാമ്പത്തിക വർഷാവസാനം സർക്കാർ അക്കൗണ്ടിലേക്ക് (lapsed deposit) മാറ്റുവാനാണ് നിലവിലെ നിയമം അനുശാസിക്കുന്നതെന്നും സമിതി നിരീക്ഷിക്കുന്നു. റവന്യൂ ഡെപ്പോസിറ്റിലേക്കും ലാപ്സ്ഡ് ഡെപ്പോസിറ്റിലേക്കും ഇങ്ങനെ മാറ്റപ്പെട്ട തുകകൾ തിരികെ ഇതേ TSB/PTSB അക്കൗണ്ടുകളിലേക്ക് വരവുവെയ്ക്കുവാൻ കഴിയുകയില്ലെന്നും. ഇങ്ങനെ തുകകൾ മാറ്റപ്പെട്ട അക്കൗണ്ടുകൾ ക്ലോസ് ചെയ്ത അക്കൗണ്ടുകളായാണ് കണക്കാക്കുന്നതെന്നും സമിതി മനസ്സിലാക്കുന്നു. **കൂടാതെ, റവന്യൂ/ലാപ്സ്ഡ് ഡെപ്പോസിറ്റുകളുടെ പിൻവലിക്കൽ സംബന്ധിച്ച നിയമങ്ങൾ പാലിച്ചുകൊണ്ട് അവകാശികൾക്ക് തുക തിരിച്ചു നൽകുവാൻ നിലവിൽ**

**വ്യവസ്ഥയുണ്ടെന്ന് സമിതി നിരീക്ഷിക്കുന്നു. അൺഓപ്പറേറ്റഡ് അക്കൗണ്ടുകളിൽ അവശേഷിക്കുന്ന തുക അവകാശികൾക്ക് നിയമങ്ങൾ പാലിച്ചുകൊണ്ട് നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

65. സുസ്ഥിരവും കാര്യക്ഷമവുമായ രീതിയിൽ സാമൂഹിക-സാമ്പത്തിക, വികസന ലക്ഷ്യങ്ങൾ നിറവേറ്റുന്നതിൽ സംസ്ഥാനത്തെ പിന്തുണയ്ക്കുക എന്നതാണ് ധനകാര്യവകുപ്പിന്റെ പ്രഥമ ദൗത്യം. കോവിഡ് മഹാമാരിയുടെ പിടിയിൽ നിന്നും കരകയറി വരുമ്പോൾ ആയത് സമസ്ത മേഖലകളിലും സൃഷ്ടിച്ച ആഘാതം മറികടക്കാൻ കൃത്യമായ സാമ്പത്തിക വീക്ഷണം അനിവാര്യമാണ്. പൊതുസാമ്പത്തിക തത്വങ്ങൾക്കനുസൃതമായി വിവേക പൂർണ്ണമായ ചെലവഴിക്കൽ ഈ ഘട്ടത്തിൽ അത്യാവശ്യമാണ്. വകുപ്പിന്റെ നിലവിലുള്ള പരിമിതികൾ കൂടി കണ്ടെത്തി അവ പരിഹരിക്കുന്നതിലൂടെ വിവിധ വിഭാഗങ്ങളിലായുള്ള പ്രവർത്തനങ്ങൾ കുറ്റമറ്റതാക്കുവാനും സംസ്ഥാനത്തിന്റെ വികസനത്തെ ത്വരിതപ്പെടുത്തുവാനും സാധിക്കുമെന്ന് സമിതി പ്രത്യാശിക്കുന്നു.


**കെ. കെ. ശൈലജ ടീച്ചർ,**
*അദ്ധ്യക്ഷ,*
*എസ്റ്റിമേറ്റ്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2023 സെപ്റ്റംബർ 13.

**അനുബന്ധം (I)**

| | 2022-2023 | | | |
|---|---|---|---|---|
| | **ഏപ്രിൽ - ജൂൺ** | **ജൂലൈ - സെപ്റ്റംബർ** | **ഒക്ടോബർ - ഡിസംബർ** | **ജനുവരി - മാർച്ച്** |
| സേവിംഗ്സ് അക്കൗണ്ട് | 4 | 4 | 4 | 4 |
| 5 വർഷ ആർ.ഡി. | 5.8 | 5.8 | 5.8 | 5.8 |
| 5 വർഷ സീനിയർ സിറ്റിസൺ സേവിംഗ്സ് സ്കീം | 7.4 | 7.4 | 7.6 | 8 |
| 5 വർഷ മന്ത്ലി ഇൻകം അക്കൗണ്ട് | 6.6 | 6.6 | 6.7 | 7.1 |
| 5 വർഷ നാഷണൽ സേവിംഗ്സ് സർട്ടിഫിക്കറ്റ് | 6.8 | 6.8 | 6.8 | 7 |
| പബ്ലിക് പ്രൊവിഡന്റ് ഫണ്ട് | 7.1 | 7.1 | 7.1 | 7.1 |
| സുകന്യ സമൃദ്ധി | 7.6 | 7.6 | 7.6 | 7.6 |
| കിസാൻ വികാസ് പത്ര | 6.9 (will mature in 124 months) | 6.9 (will mature in 124 months) | 7 (will mature in 123 months) | 7.2 (will mature in 120 months) |

# അനുബന്ധം (II)


ഓഫീസ് മേധാവി-
സീ.ഡെ. ഡയറക്ടർ
കെ.എച്ച് ആർ
ഡബ്ല്യൂ.എസ്
ഡയറക്ടറേറ്റ്
ട്രെയിനിംഗ് സെന്റർ
ഓഫീസ് മേധാവി-
സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ കാര്യാലയങ്ങൾ
കൺകറന്റ് ഓഡിറ്റ് കാര്യാലയം
ഓഫീസ് മേധാവി
ഡെപ്യൂട്ടി ഡയറക്ടർ
1. തിരുവനന്തപുരം
2. എറണാകുളം
3. തൃശ്ശൂർ
4. കോഴിക്കോട്
സീനിയർ
ഡെപ്യൂട്ടി ഡയറക്ടർ
ഡെപ്യൂട്ടി ഡയറക്ടർ
1. കൊല്ലം
2. പത്തനംതിട്ട
3. ആലപ്പുഴ
4. കോട്ടയം
5.ഇടുക്കി
6. പാലക്കാട്
7. മലപ്പുറം
8. വയനാട്
9. കണ്ണൂർ
10. കാസർഗോഡ്
മുൻസിപ്പൽ കോർപ്പറേഷൻ
സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
1. തിരുവനന്തപുരം
2.കൊല്ലം
3.കൊച്ചി
4. തൃശ്ശൂർ
5 .കോഴിക്കോട്
6.കണ്ണൂർ
(ഡെപ്യൂട്ടി ഡയറക്ടർ,
ഓഫീസ് മേധാവി
മുൻസിപ്പൽ
കൗൺസിൽ
ഡെപ്യൂട്ടി ഡയറക്ടർ
ഓഫീസ് മേധാവി
1. ആലപ്പുഴ
2. തിരുവല്ല
3. കോട്ടയം
4. ചങ്ങനാശ്ശേരി
5. പെരുമ്പാവൂർ
6. ആലുവ
7. പാലക്കാട്
8. തിരൂർ
9. വടകര
10.തലശ്ശേരി
11.കാസർഗോഡ്
സർവ്വകലാശാലകൾ
1.കേരള സർവ്വകലാശാല &
2. എ.പി.ജെ. അബ്ദുൾകലാം
സാങ്കേതിക ശാസ്ത്ര സർവ്വകലാശാല
3. മഹാത്മാഗാന്ധി സർവ്വകവാശാല
4. കുസാറ്റ്
5. ശ്രീ. ശങ്കരാചാര്യ സംസ്കൃത
സർവ്വകലാശാല
6. കേരള കാർഷിത സർവ്വകലാശാല
7. കാലിക്കറ്റ് സർവ്വകലാശാല &
9. കണ്ണൂർ സർവ്വകലാശാല
10. ഫിഷറീസ് സമുദ്ര പഠന
സർവ്വകലാശാല
11. കേരള ആരോഗ്യ സർവ്വകലാശാല
12 കേരള വെറ്ററിനറി സർവ്വകലാശാല
ദേവസ്വങ്ങൾ
ഓഫീസ് മേധാവി
ജോയിന്റ് ഡയറക്ടർ
തിരുവിതാംകൂർ
ദേവസ്വം
ബോർഡ്
സീനിയർ
ഡെപ്യൂട്ടി
ഡയറക്ടർ
1. ഗുരുവായൂർ ദേവസ്വം
2. മലബാർ ദേവസ്വം
ബോർഡ്, കോഴിക്കോട്
ഡെപ്യൂട്ടി
ഡയറക്ടർ
കൊച്ചിൻ ദേവസ്വം
ബോർഡ്,
മലബാർ ദേവസ്വം
ബോർഡ്,
മേഖലാ കാര്യാലയം,
പാലക്കാട്
ഓഡിറ്റ്
ഓഫീസർ
മലബാർ ദേവസ്വം
ബോർഡ്,
മേഖലാ കാര്യാലയം,
തലശ്ശേരി
വികസന അതോറിറ്റികൾ
ഡെപ്യൂട്ടി ഡയറക്ടർ
ഓഫീസ് മേധാവി
തിരുവനന്തപുരം
വികസന അതോറിറ്റി
സീനിയർ ഡെപ്യൂട്ടി
ഡയറക്ടർ
കൊച്ചി
വികസന അതോറിറ്റി
മറ്റ് സ്ഥാപനങ്ങൾ
ഓഫീസ് മേധാവി
ജോയിന്റ് ഡയറക്ടർ
ക്ഷേമനിധി ബോർഡ്
സീനിയർ ഡെപ്യൂട്ടി
ഡയറക്ടർ
കേരള ഭവന
നിർമ്മാണ
ബോർഡ്
സ്പോർട്സ്
കൗൺസിൽ
ഓഡിറ്റ്
ജില്ലാ പഞ്ചായത്ത് &
കുടുംബശ്രീ
ഓഡിറ്റ്
കാര്യാലയം
1. തിരുവനന്തപുരം
2.കൊല്ലം
3.എറണാകുളം
4. തൃശ്ശൂർ
5 .മലപ്പുറം
6. കോഴിക്കോട്
7.കണ്ണൂർ
ഡെപ്യൂട്ടി ഡയറക്ടർ
ഓഫീസ് മേധാവി
1. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
2. കാർഷിക കോളേജ്
വെള്ളായണി
3.ടൂറിസം ഓഡിറ്റ്
ഓഡിറ്റ് ഓഫീസർ
എസ്.ഐ.ഇ.പി.

# അനുബന്ധം (III)

## I. 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റ് പ്രകാരമുള്ള സ്ഥാപനങ്ങൾ

### A. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ

| നം. | വിഭാഗം | | ഓഡിറ്റ് ചെയ്യുന്ന ഓഫീസുകളുടെ വിവരം |
|---|---|---|---|
| 1 | മുനിസിപ്പാൽ കോർപ്പറേഷനുകൾ | തിരുവനന്തപുരം | കൺകറന്റ് ഓഡിറ്റ് കാര്യാലയങ്ങൾ |
| | | കൊല്ലം | |
| | | കൊച്ചി | |
| | | തൃശ്ശൂർ | |
| | | കോഴിക്കോട് | |
| | | കണ്ണൂർ | |
| 2 | ജില്ലാ പഞ്ചായത്തുകൾ (14) | 14 എണ്ണം | 7 എണ്ണം കൺകറന്റ് ഓഡിറ്റ് കാര്യാലയങ്ങൾ |
| 3 | മുനിസിപ്പാലിറ്റികൾ (87) | 11 എണ്ണം | കൺകറന്റ് ഓഡിറ്റ് കാര്യാലയങ്ങൾ |
| | | 76 എണ്ണം | |
| 4 | ബ്ലോക്ക് പഞ്ചായത്തുകൾ (152) | 152 എണ്ണം | ജില്ലാ ഓഡിറ്റ് കാര്യാലയം |
| 5 | ഗ്രാമപഞ്ചായത്തുകൾ (941 എണ്ണം) | 941 എണ്ണം | |

### B. സർവ്വകലാശാലകൾ

| | | | |
|---|---|---|---|
| 6 | സർവ്വകലാശാലകൾ | കേരള സർവ്വകലാശാല | കൺകറന്റ് ഓഡിറ്റ് കാര്യാലയം |
| | | മഹാത്മാഗാന്ധി സർവ്വകലാശാല | |
| | | കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല | |
| | | കേരള ഫിഷറീസ് -സമുദ്ര പഠന സർവ്വകലാശാല | |
| | | ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല | |
| | | കേരള കാർഷിക സർവ്വകലാശാല | |

| | | | |
|---|---|---|---|
| | | കേരള ആരോഗ്യ സർവ്വകലാശാല | |
| | | കാലിക്കറ്റ് സർവ്വകലാശാല | |
| | | കേരള വെറ്ററിനറി സർവ്വകലാശാല | |
| | | കണ്ണൂർ സർവ്വകലാശാല | |
| | | മലയാളം സർവ്വകലാശാല | കൺകറന്റ് ഓഡിറ്റ് |
| | | കേരള സാങ്കേതിക സർവ്വകലാശാല | കൺകറന്റ് ഓഡിറ്റ് |
| **C. ദേവസ്വം ബോർഡ്** | | | |
| 7 | മലബാർ ദേവസ്വം | ഹിന്ദു റിലീജിയസ് ചാരിറ്റബിൾ എൻഡോവ്മെന്റിന് കീഴിലുള്ള ക്ഷേത്രങ്ങൾ | മലബാർ ദേവസ്വം ഓഡിറ്റ് മുഖ്യ കാര്യാലയവും തലശ്ശേരി, പാലക്കാട് ഉപകാര്യാലയങ്ങളും |
| **D. ക്ഷേമനിധി ബോർഡ്** | | | |
| 8 | കേരള ചുമട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ് | | ക്ഷേമനിധി ഓഡിറ്റ് കാര്യാലയം |
| 9 | കേരള ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡ് | | |
| 10 | കേരള അബ്കാരി വർക്കേഴ്സ് വെൽഫെയർ ഫണ്ട് | | |
| 11 | കേരള കള്ള് ചെത്ത് തൊഴിലാളി ക്ഷേമനിധി ബോർഡ് | | |
| 12 | കേരള ലേബർ വെൽഫെയർ ഫണ്ട് | | |
| 13 | കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ് | | |
| 14 | കേരള മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് വെൽഫെയർ ഫണ്ട് | | |
| 15 | കേരള കയർ തൊഴിലാളി വെൽഫെയർ ഫണ്ട് | | |
| 16 | കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് | | |
| 17 | കേരള തൊഴിലാളി ക്ഷേമനിധി ബോർഡ് | | |
| 18 | കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് | | |
| 19 | കേരള കശുവണ്ടി തൊഴിലാളി ആശ്വാസ വെൽഫെയർ ഫണ്ട് | | |
| 20 | കേരള നിർമ്മിതി കേന്ദ്രം | | |
| **E. മറ്റ് സ്ഥാപനങ്ങൾ** | | | |
| **ഓഡിറ്റ് ചെയ്യുന്ന സ്ഥാപനങ്ങൾ** | | | |
| 21 | കേരള ഭവന നിർമ്മാണ ബോർഡ് | | കെ.എസ്.എച്ച്.ബി ഓഡിറ്റ് കാര്യാലയം |
| 22 | ട്രിഡ (വികസന അതോറിറ്റി) | | ട്രിഡ ഓഡിറ്റ് കാര്യാലയം |

| | | |
|---|---|---|
| 23 | ജി.സി.ഡി.എ (വികസന അതോറിറ്റി) | ജി.സി.ഡി.എ ഓഡിറ്റ് കാര്യാലയം |
| 24 | ഗോശ്രീ ഐലന്റ് ഡെവലപ്പ്മെന്റ് അതോറിറ്റി | എറണാകുളം ജില്ലാ ഓഡിറ്റ് കാര്യാലയം |
| 25 | കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് | ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഓഡിറ്റ് കാര്യാലയം |
| 26 | സംസ്ഥാന സർവവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് | എസ്.ഐ.ഇ.പി. ഓഡിറ്റ് കാര്യാലയം |
| 27 | കേരള ഹെൽത്ത് റിസർച്ച് ആന്റ് വെൽഫെയർ സൊസൈറ്റി | കെ.എച്ച്.ആർ. ഓഡിറ്റ് കാര്യാലയം |
| 28 | കേരള സ്പോർട്സ് കൗൺസിൽ | സ്പോർട്സ് കൗൺസിൽ ഓഡിറ്റ് കാര്യാലയം |
| 29 | ഓർഫനേജുകളും അഗതിമന്ദിരങ്ങളും | ജില്ലാ ഓഡിറ്റ് കാര്യാലയങ്ങൾ |
| 30 | കേരള സംസ്ഥാന ജലഹർ ബാലഭവനും ജില്ലാ ബാലഭവനുകളും | |
| 31 | ഹരിജൻ ഹോസ്റ്റലുകൾ | |
| 32 | വഖഫ് ബോർഡ് | |
| 33 | കേരള ലളിതകലാ അക്കാദമി | |
| 34 | കേരള സംഗീത നാടക അക്കാദമി | |
| 35 | കേരള സാഹിത്യ അക്കാദമി | |
| 36 | കേരള കലാമണ്ഡലം | |
| 37 | കാൻഫെഡ് (കേരള അസോസിയേഷൻ ഫോർ നോൺ ഫോർമൽ എഡ്യൂക്കേഷൻ & ഡെവലപ്പ്മെന്റ് ) | |
| 38 | കേരള ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് | |
| 39 | കേരള പ്രദേശ് ഭാരത് സേവക് സമാജ് | |
| 40 | ഭാരത് സ്കൗട്ട്സ് &ഗൈഡ്സ് | |
| 41 | സംസ്ഥാന ലൈബ്രറി കൗൺസിൽ, ജില്ലാ, താലൂക്ക് ലൈബ്രറി കൗൺസിലുകൾ, സംസ്ഥാന ലൈബ്രറി കൗൺസിലിന് കീഴിലുള്ള ലൈബ്രറികളും | |
| 42 | കേരള റ്റി.ബി അസോസിയേഷൻ | |
| 43 | എസ്.പി.സി.എ(സൊസൈറ്റി ഫോർ പ്രിവൻഷൻ ഓഫ് ക്രുവൽറ്റി ടു ആനിമൽസ്) | |

| | | |
|---|---|---|
| 44 | ട്രാവൻകൂർ - കൊച്ചിൻ മെഡിക്കൽ കൗൺസിൽ | |
| 45 | കേരള നേഴസസ് & മിഡ്-ലൈഫ് സൗൺസിൽ | |
| 46 | കേരള  ഫാർമസി കൗൺസിൽ | |
| 47 | കേരള ഡെന്റൽ കൗൺസിൽ | |
| 48 | കേരള അർബൻ ഡെസലപ്പ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ | |
| 49 | കേരള പോലീസ് വെൽഫെയർ അമിനിറ്റി ഫണ്ട് | |
| 50 | കേരള പോലീസ് സ്പോർട്സ് ഫണ്ട് | |
| 51 | കേരള മിലിട്ടറി ബെനവെലന്റ് ഫണ്ട്, ഡിസ്ട്രിക്റ്റ് ബെനവെലന്റ് ഫണ്ട്, ഫ്ലാഗ് ഡേ ഫണ്ട് | |
| 52 | സ്റ്റേറ്റ് കമ്മിറ്റി ഫോർ സയൻസ് ആന്റ് ടെക്ക്നോളജിയ്ക്കു കീഴിലുള്ള സയന്റിഫിക്ക് റിസർച്ച് ഫണ്ട് | |
| 53 | കേരള പഞ്ചായത്ത് അസോസിയേഷൻ ഫണ്ട് | |

| II സർക്കാർ ഉത്തരവുകൾ പ്രകാരം ചുമതലപ്പെടുത്തിയ സാഥാപനങ്ങൾ | | |
|---|---|---|
| 1 | ഭൂഗർഭ ജല അതോറിറ്റി (ജില്ലാ ഓഡിറ്റ് കാര്യാലയം) | (കേരള ഗ്രൗണ്ട് വാട്ടർ (കൺട്രോൾ & റെഗുലേഷൻ) ആക്ട് 2002, സെക്ഷൻ 25) |
| 2 | ടെയിഡേഴ്സ് വെൽഫെയർ ബോർഡ് | സ.ഉ.(പി) 16/92/റ്റി.ഡി തീയതി 27.01.1992 |
| 3 | സൊസൈറ്റി ഫോർ ദ കൺസ്ട്രക്ഷൻ, മെയിന്റനൻസ് & അഡ്മിനിസ്ട്രേഷൻ ഓഫ് മൾട്ടി പർപ്പസ് കൾച്ചറൽ കോംപ്ലക്സ് | ജി.ഒ.(എം.എസ്)നം.58/98/സി.എ.ഡി. തീയതി 26.11.1998 |
| 4 | ഇന്റഗ്രേറ്റഡ് ടൂറിസം ഫണ്ട് | സ.ഉ.(സാധാ)നം.3076/2001/ധന തീയതി 20.04.2004 ടൂറിസം വീക്ക് സെലിബ്രേഷൻസ് ആന്റ് ഡിസ്ട്രിക്റ്റ് ടൂറിസം പ്രൊമോഷൻ സൗൺസിൽ [സ.ഉ.(സാധാ)നം.6179/20022/ധന തീയതി 12.11.2002] |
| 5 | കേരള സംസ്ഥാന ചലചിത്ര അക്കാദമി | സ.ഉ.(എം.എസ്.) നം30/2004/സി.എ.ഡി തീയതി 29.09.2004 |
| 6 | ഹോസ്പിറ്റൽ ഡവലപ്മെന്റ്  കമ്മിറ്റി/ ഹോസ്പിറ്റൽ ഡെവലപ്പ്മെന്റ് സൊസൈറ്റി | സ.ഉ.(സാധാ) നം3379/2004/എച്ച് & എഫ്. ഡബ്ല്യു.ഡി തീയതി 03.12.2004 |
| 7 | കേരള സംസ്ഥാന വെറ്ററിനറി കൗൺസിൽ | കത്ത് നം.133189/എസ്റ്റാ.ഡി.1/04/ഫിൻ, തീയതി 04.01.2005, പ്രിൻസിപ്പൽ സെക്രട്ടറി, ഫിനാൻസ് ഡിപ്പാർട്ട്മെന്റ് |

| | | |
|---|---|---|
| 8 | കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി | സ.ഉ.(സാധാ)നം.1901/05 ധന തീയതി 17.03.2005 |
| 9 | കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി ആന്റ് ഇൻഫെക്ഷ്യസ് ഡിസീസ് സൊസൈറ്റി. റ്റി.ഡി മെഡിക്കൽ കോളേജ്, ആലപ്പുഴ | സ.ഉ.(എം.എസ്)നം.50/2000/എച്ച് & എഫ്. ഡബ്ല്യൂ.ഡി തീയതി 01.03.2000 |
| 10 | കേരള ബീഡി തൊഴിലാളി ക്ഷേമനിധി ബോർഡ് | സ.ഉ.(സാധാ)നം.2078/2001/എൽ.ബി.ആർ തീയതി 11.07.2001 |
| 11 | കേരള ഈറ്റ, കാട്ടുവള്ള തൊഴിലാളി ക്ഷേമനിധി ബോർഡ് | സ.ഉ.(സാധാ)നം.2078/2001/എൽ.ബി.ആർ തീയതി 11.07.2001 |
| 12 | കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡ് | സ.ഉ.(എം.എസ്)നം.63/2012/എ.ഡി തീയതി 21.03.2012 |
| 13 | സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ, കേരള | സ.ഉ.(എം.എസ്)നം.69/09/ഉ.വി തീയതി 24.06.2009 |
| 14 | സീ.മാറ്റ് ഡയറക്ടേറ്റും അതിന് കീഴിലുള്ള 6 നേഴ്സിംഗ് കോളേജുകളും | സ.ഉ.(സാധാ)നം.1427/എച്ച് & എഫ്. ഡബ്ല്യൂ.ഡി തീയതി 23.04.2013 |
| 15 | കേരള സംസ്ഥാന ലോട്ടറി ഏജന്റ് & സെയിൽസ്മാൻ വെൽഫെയർ ഫണ്ട് ബോർഡ് | സ.ഉ.(സാധാ)നം.1021/2013 നികുതി തീയതി 28.12.2013 |
| 16 | കേരള ഫയർഫോഴ്സ് വെൽഫെയർ & അമിനിറ്റി ഫണ്ട് | സ.ഉ.(എം.എസ്)നം.139/82/ഹോം, തീയതി 20/11/1982 സ.ഉ.(എം.എസ്)നം.149/83/ഹോം, തീയതി 07/11/1983 |
| 17 | ഓഡിറ്റ് ഓഫ് അക്കൗണ്ട്സ് ഓഫ് നോൺബാങ്കിംഗ് കമ്പനീസ് (ഇൻ ലിക്വിഡേഷൻ) | 1959-ലെ കമ്പനി (ഗവ.) ചട്ടം 302 |
| 18 | കേരള സ്റ്റേറ്റ് ഹജ്ജ് കമ്മിറ്റി | സ.ഉ.(പി)നം.2274/15/ധന തീയതി 18.03.2015 |
| 19 | വാസ്തുവിദ്യാ ഗുരുകുലം, ആറൻമുള | സ.ഉ.(പി)നം.83/15/ധന തീയതി 06.01.2015 |
| 20 | കേരള പ്രസ് അക്കാദമി | സ.ഉ.(പി)നം.14/79/ആർ തീയതി 14.12.2979 |
| 21 | കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ് | സ.ഉ.(സാധാ)നം.530/18/ധന തീയതി 22.01.2018 |

| | | |
|---|---|---|
| 22 | സ്റ്റേറ്റ് കൗൺസിൽ ഓഫ് എഡ്യൂക്കേഷണൽ റിസർച്ച് ആന്റ് ട്രെയിനംഗ് (SIEMAT) | സ.ഉ.(എം.എസ്) നം.10000/15/ധന തീയതി 18.11.2015 |
| 23 | സ്റ്റേറ്റ് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ | സ.ഉ.(സാധാ)നം.1024/എച്ച് & എഫ്. ഡബ്ല്യു.ഡി തീയതി 30.03.2016 |
| 24 | സ്റ്റേറ്റ് കൗൺസിൽ ഓഫ് എഡ്യൂക്കേഷണൽ റിസർച്ച് ആന്റ് ട്രെയിനംഗ് (SIEMAT) | ജി.ഒ.(എം.എസ്)11/96/ജി.എ.ഡി തീയതി 06.11.1996 |
| 25 | ഐ.എച്ച്ആർഡി & എൽ.ബി.എസ് | സ.ഉ.(എം.എസ്) നം.10306/15/ധന തീയതി 18.11.2015 |
| 26 | ഫ്രണ്ട്സ് | സ.ഉ.(സാധാ)നം.9956/16/ധന തീയതി 24.12.2016 |
| 27 | കേരള അലക്ക് തൊഴിലാളി ക്ഷേമ പദ്ധതി | സ.ഉ.(സാധാ)നം.3823/16/ധന തീയതി 25.04.2016 |
| 28 | കേരള ബാർബർ ബ്യൂട്ടീഷ്യൻസ് വെൽഫെയർ ഫണ്ട് | സ.ഉ.(സാധാ)നം.3823/16/ധന തീയതി 25.04.2016 |
| 29 | കിർത്താഡ്സ് (Kerala Institute for Research Training and Development Studies of SC & ST) | സ.ഉ.(സാധാ)നം.4980/2016/ധന തീയതി 04.06.2016 |
| 30 | കുടുംബശ്രീ മിഷൻ | സ.ഉ.(സാധാ)നം.4221/2017/ധന തീയതി 19.05.2017 |

| **III. കേരള ഹൈക്കോടതി ഉത്തരവുകൾ പ്രകാരം ഓഡിറ്റ് ചെയ്യുന്ന സ്ഥാപനങ്ങൾ** | | ഉത്തരവ് നം. തീയതി |
|---|---|---|
| 1 | തിരുവിതാംകൂർ ദേവസ്വം ബോർഡ് | കത്ത് നം. 219/സി.എം.പി/140 തീയതി 01.02.1974 |
| 2 | കൊച്ചിൻ ദേവസ്വം ബോർഡ് | കത്ത് നം. 219/എ 1-2006/52 തീയതി 30.10.1958 |

| **IV. അതാത് നിയമങ്ങൾ വ്യവസ്ഥ ചെയ്ത പ്രകാരം ഓഡിറ്റ് ചെയ്യുന്ന സ്ഥാപനങ്ങൾ** | | |
|---|---|---|
| 1 | ഗുരുവായൂർ ദേവസ്വം | നം. എം.എസ്.296/80/ആർ.ഡി തീയതി 21.03.1980 (ചട്ടം -17) |

| | | |
|---|---|---|
| 2 | കൂടൽമാണിക്യം ദേവസ്വം | കൂടൽമാണിക്യം ദേവസ്വം ആക്ട് 2005, വകുപ്പ് 23 |
| 3 | കേരള റേഷൻ വ്യാപാരി ക്ഷേമനിധി ബോർഡ് | 10.08.1998 ലെ10277/ലെഗ്/ബി2/98, വകുപ്പ് 27 (ആക്ട്) |
| 4 | ചാരിറ്റബിൾ എൻഡോവ്മെന്റ് അക്കൗണ്ട്സ് | സ.ഉ.(സന.ധാ)നം.450/66/ധന തീയതി 10.10.1966 1996-ലെ ചാരിറ്റബിൾ എൻഡോവ്മെന്റ് (കേരള) ചട്ടങ്ങൾ, ചട്ടം 18 |
| 5 | അമാൻഗമേറ്റഡ് ഫണ്ട് | ജി.ഒ(പി)നം.88/77/ജി.എ.ഡി തീയതി 10.03.1977 ഉത്തരവിന്റെ അടിസ്ഥാനത്തിൽ അമാൽഗമേറ്റഡ് ഫണ്ട് സ്റ്റേറ്റ് മാനേജിംഗ് കമ്മിറ്റിയുടെ ബൈലോ & സബ്സിഡിയറി റൂൾസ് ഖണ്ഡിക 17,18 |
| 6 | സാംസ്കാരിക സ്ഥാപനങ്ങളിൽ നിന്നും വിരമിച്ച ജീവനക്കാരുടെ പെൻഷൻ ഫണ്ട് അക്കൗണ്ട്സ് | സ.ഉ.(കൈ)നം.43/04/സാം.ക.വ. തീയതി 04.12.2004 |

## 2.1.3 മിസലേനിയസ് സ്ഥാനങ്ങളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ

### 1. തിരുവനന്തപുരം ജില്ല

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | എണ്ണം |
|---|---|---|
| 1 | അനാഥാലയങ്ങൾ | 47 |
| 2 | ആശുപത്രി വികസന സമിതി/ മാനേജ്മെന്റ് കമ്മിറ്റികൾ | 203 |
| 3 | ലൈബ്രറി കൗൺസിൽ | 8 |
| 4 | സാംസ്കാരിക സ്ഥാപനങ്ങൾ | 18 |
| 5 | മറ്റു സ്ഥാപനങ്ങൾ | 35 |

### 2. കൊല്ലം ജില്ല

| **ക്രമ നം.** | **സ്ഥാപനത്തിന്റെ പേര്** | **എണ്ണം** |
|---|---|---|
| 1 | അനാഥാലയങ്ങൾ | 30 |
| 2 | ആശുപത്രി വികസന സമിതി/ | 215 |

| | | |
|---|---|---|
| | മാനേജ്മെന്റ് കമ്മിറ്റികൾ | |
| 3 | ലൈബ്രറി കൗൺസിൽ | 07 |
| 4 | സാംസ്കാരിക സ്ഥാപനങ്ങൾ | 04 |
| 5 | മറ്റു സ്ഥാപനങ്ങൾ | 8 |

3. **പത്തനംതിട്ട ജില്ല**

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | എണ്ണം |
|---|---|---|
| 1 | അനാഥാലയങ്ങൾ | 21 |
| 2 | ആശുപത്രി വികസന സമിതി/ മാനേജ്മെന്റ് കമ്മിറ്റികൾ | 148 |
| 3 | ലൈബ്രറി കൗൺസിൽ | 07 |
| 4 | സാംസ്കാരിക സ്ഥാപനങ്ങൾ | 03 |
| 5 | മറ്റു സ്ഥാപനങ്ങൾ | 06 |

4. **ആലപ്പുഴ ജില്ല.**

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | എണ്ണം |
|---|---|---|
| 1 | അനാഥാലയങ്ങൾ | 33 |
| 2 | ആശുപത്രി വികസന സമിതി/ മാനേജ്മെന്റ് കമ്മിറ്റികൾ | 235 |
| 3 | ലൈബ്രറി കൗൺസിൽ | 07 |
| 4 | സാംസ്കാരിക സ്ഥാപനങ്ങൾ | 06 |
| 5 | മറ്റു സ്ഥാപനങ്ങൾ | 06 |

5. **കോട്ടയം ജില്ല**

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | എണ്ണം |
|---|---|---|
| 1 | അനാഥാലയങ്ങൾ | 72 |
| 2 | ആശുപത്രി വികസന സമിതി/ മാനേജ്മെന്റ് കമ്മിറ്റികൾ | 207 |

| | | |
|---|---|---|
| 3 | ലൈബ്രറി കൗൺസിൽ | 06 |
| 4 | സാംസ്കാരിക സ്ഥാപനങ്ങൾ | 02 |
| 5 | മറ്റു സ്ഥാപനങ്ങൾ | 06 |

6. **ഇടുക്കി ജില്ല**

| **ക്രമ നം.** | **സ്ഥാപനത്തിന്റെ പേര്** | **എണ്ണം** |
|---|---|---|
| 1 | അനാഥാലയങ്ങൾ | 87 |
| 2 | ആശുപത്രി വികസന സമിതി/ മാനേജ്മെന്റ് കമ്മിറ്റികൾ | 190 |
| 3 | ലൈബ്രറി കൗൺസിൽ | 06 |
| 4 | സാംസ്കാരിക സ്ഥാപനങ്ങൾ | 08 |
| 5 | മറ്റു സ്ഥാപനങ്ങൾ | 11 |

7. **എറണാകുളം ജില്ല**

| **ക്രമ നം.** | **സ്ഥാപനത്തിന്റെ പേര്** | **എണ്ണം** |
|---|---|---|
| 1 | അനാഥാലയങ്ങൾ | 56 |
| 2 | ആശുപത്രി വികസന സമിതി/ മാനേജ്മെന്റ് കമ്മിറ്റികൾ | 311 |
| 3 | ലൈബ്രറി കൗൺസിൽ | 08 |
| 4 | സാംസ്കാരിക സ്ഥാപനങ്ങൾ | 06 |
| 5 | മറ്റു സ്ഥാപനങ്ങൾ | 20 |

8. **തൃശ്ശൂർ ജില്ല**

| **ക്രമ നം.** | **സ്ഥാപനത്തിന്റെ പേര്** | **എണ്ണം** |
|---|---|---|
| 1 | അനാഥാലയങ്ങൾ | 123 |
| 2 | ആശുപത്രി വികസന സമിതി/ മാനേജ്മെന്റ് കമ്മിറ്റികൾ | 266 |
| 3 | ലൈബ്രറി കൗൺസിൽ | 07 |
| 4 | സാംസ്കാരിക സ്ഥാപനങ്ങൾ | 06 |
| 5 | മറ്റു സ്ഥാപനങ്ങൾ | 12 |

9. **പാലക്കാട് ജില്ല**

| **ക്രമ നം.** | **സ്ഥാപനത്തിന്റെ പേര്** | **എണ്ണം** |
|---|---|---|
| 1 | അനാഥാലയങ്ങൾ | 55 |
| 2 | ആശുപത്രി വികസന സമിതി/ മാനേജ്മെന്റ് കമ്മിറ്റികൾ | 253 |
| 3 | ലൈബ്രറി കൗൺസിൽ | 07 |
| 4 | സാംസ്കാരിക സ്ഥാപനങ്ങൾ | 03 |
| 5 | മറ്റു സ്ഥാപനങ്ങൾ | 09 |

10. **മലപ്പുറം ജില്ല**

| **ക്രമ നം.** | **സ്ഥാപനത്തിന്റെ പേര്** | **എണ്ണം** |
|---|---|---|
| 1 | അനാഥാലയങ്ങൾ | 68 |
| 2 | ആശുപത്രി വികസന സമിതി/ മാനേജ്മെന്റ് കമ്മിറ്റികൾ | 323 |
| 3 | ലൈബ്രറി കൗൺസിൽ | 08 |
| 4 | സാംസ്കാരിക സ്ഥാപനങ്ങൾ | 04 |
| 5 | മറ്റു സ്ഥാപനങ്ങൾ | 14 |

11. **കോഴിക്കോട് ജില്ല**

| **ക്രമ നം.** | **സ്ഥാപനത്തിന്റെ പേര്** | **എണ്ണം** |
|---|---|---|
| 1 | അനാഥാലയങ്ങൾ | 33 |
| 2 | ആശുപത്രി വികസന സമിതി/ മാനേജ്മെന്റ് കമ്മിറ്റികൾ | 267 |
| 3 | ലൈബ്രറി കൗൺസിൽ | 05 |
| 4 | സാംസ്കാരിക സ്ഥാപനങ്ങൾ | - |
| 5 | മറ്റു സ്ഥാപനങ്ങൾ | 11 |

12. **വയനാട് ജില്ല**

| **ക്രമ നം.** | **സ്ഥാപനത്തിന്റെ പേര്** | **എണ്ണം** |
|---|---|---|
| 1 | അനാഥാലയങ്ങൾ | 36 |
| 2 | ആശുപത്രി വികസന സമിതി/ മാനേജ്മെന്റ് കമ്മിറ്റികൾ | 2108 |
| 3 | ലൈബ്രറി കൗൺസിൽ | 04 |
| 4 | സാംസ്കാരിക സ്ഥാപനങ്ങൾ | -- |
| 5 | മറ്റു സ്ഥാപനങ്ങൾ | 04 |

13. **കണ്ണൂർ ജില്ല**

| **ക്രമ നം.** | **സ്ഥാപനത്തിന്റെ പേര്** | **എണ്ണം** |
|---|---|---|
| 1 | അനാഥാലയങ്ങൾ | 91 |
| 2 | ആശുപത്രി വികസന സമിതി/ മാനേജ്മെന്റ് കമ്മിറ്റികൾ | 258 |
| 3 | ലൈബ്രറി കൗൺസിൽ | 05 |
| 4 | സാംസ്കാരിക സ്ഥാപനങ്ങൾ | 01 |
| 5 | മറ്റു സ്ഥാപനങ്ങൾ | 13 |

14. **കാസർഗോഡ് ജില്ല**

| **ക്രമ നം.** | **സ്ഥാപനത്തിന്റെ പേര്** | **എണ്ണം** |
|---|---|---|
| 1 | അനാഥാലയങ്ങൾ | 20 |
| 2 | ആശുപത്രി വികസന സമിതി/ മാനേജ്മെന്റ് കമ്മിറ്റികൾ | 121 |
| 3 | ലൈബ്രറി കൗൺസിൽ | 05 |
| 4 | സാംസ്കാരിക സ്ഥാപനങ്ങൾ | 01 |
| 5 | മറ്റു സ്ഥാപനങ്ങൾ | 06 |

# അനുബന്ധം (IV)

| | പുതിയ നിരക്ക് | പഴയ നിരക്ക് |
|---|---|---|
| സേവിംഗ് ബാങ്ക് , ചെക്ക് ബുക്ക്, പാസ്സ് ബുക്ക് | 50 | 15 |
| ചെലാൻ അടച്ചതിന്റെ മൈഗ്രൻസ് സർട്ടിഫിക്കറ്റ് | 50 | 15 |
| മെറ്റൽ ടോക്കൺ നഷ്ടപ്പെട്ടാൽ | 25 | 10 |
| പെൻഷൻ അനുവദിച്ച ഉത്തരവിന്റെ പകർപ്പ് | 500 | 180 |
| സ്ഥിരം സ്റ്റാമ്പ് വെണ്ടർ ലൈസൻസ് ഫീസ് 3 വർഷത്തേക്ക് | 6000 | 1500 |
| ഓരു വർഷത്തേക്ക് | 300 | 750 |
| താൽക്കാലിക സ്പെഷ്യൽ വെണ്ടർ ഫീസ് | 2000 | 500 |
| നാൾവഴി പരിശോധനയ്ക്ക് (പിഴവ് കണ്ടെത്തിയാൽ മാത്രം) | 5000 | 500 |
| വെണ്ടർ നാൾവഴി രജിസ്റ്റർ | 100 | 33 |
| DDO മാരിൽ നിന്നും ബിൽ ബുക്ക് നഷ്ടപ്പെട്ടാൽ | 1000 | 525 |